# രസികരഞ്ജിനി

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
രസജ്ഞർക്കു കൊടുക്കട്ടേ
രസം രസികരഞ്ജിനി



# രസികരഞ്ജിനി

൧൦൭൮.

പുസ്തകം ൧. മീനമാസം. ലക്കം ൮.

## മംഗളം.

—:o:—

കർമ്മകാട്ടാളനാകും കണവനൊടിണയായ് പ്പിന്നിൽനിന്നിട്ടുപിന്നെ
ധർമ്മക്കള്ളിട്ടുവീഴും വിജയനു പടയിൽ പ്പാടവപ്രൌഢികൂട്ടി
മർമ്മരം വിണ്ടുകിവമ്പടിതലയിലവൻ ഗാണ്ഡീവംകൊണ്ടുതല്ലീ
ദുഃഖോർജ്ജ ചോരപ്പുഴയിൽ മിഴിമയ കന്ന മായേ! തൊഴുന്നേൻ

പി. കുഞ്ഞൻ തമ്പാൻ.

## നെടുവിരുപ്പ് സ്വരൂപത്തെ കൊച്ചിരാജ്യത്ത് നിന്ന് ഒഴിപ്പിച്ച പ്രകാരം.

—:—

മാപ്രാണം ഭൃജമാപ്രാണം
മാപ്രാണാസമസന്നിഭേ
മാനവിക്രമതേജോഭി
ർമാനവിക്രമരൂപതേ

ചരിത്രസംബന്ധമായ ഒരു ലേഖനത്തിലേ വിഷയം മേൽ കാണിച്ചിരിക്കുന്ന ശ്ലോകത്തെ സംബന്ധിച്ചാകുന്നു.

സാമൂതിരിപ്പാട് തൃശ്ശിവപേരൂർ താലൂക്കിൻെറ തെക്കെ അ ത്തിയായ മാപ്രാണമെന്ന ഒരു ദേശംവരെ കൈവശമാക്കി എ

ന്നും, പിന്നെ ആലങ്ങാട് പറവൂര് മുതലായ പ്രദേശങ്ങളിലും വന്നുകൂടിട്ടുണ്ടായിരുന്നു എന്നും, സാമൂതിരിയേ സ്വരാജ്യത്ത് നിന്ന് ഒഴിപ്പിപ്പാൻ കൊച്ചി രാജാവിന്ന് ശേഷിയാകാഞ്ഞിട്ട് തിരുവിതാംകൂർ മഹാരാജാവിനോട് സഹായമപേക്ഷിക്കയും അതുപ്രകാരം സഹായിക്കാമെന്ന് ഉടമ്പിടി എഴുതിമാറുകയും ചെയ്തു എന്നും, ഇതിന്നുമുമ്പിൽ പറഞ്ഞു വെച്ചിട്ടുണ്ടല്ലൊ. എന്നാൽ കൊച്ചിരാജാവിന്റെ ഇതിന്നു മുമ്പുള്ള നടവടി കണ്ടനുഭവമുണ്ടായിരുന്നതിനാൽ തിരുവിതാംകൂർ മഹാരാജാവിന്ന് അദ്ദേഹത്തിന്റെ ഉടമ്പിടിയിൽ അത്ര വിശ്വാസമുണ്ടായില്ല. അതിനാൽ സാമൂതിരിയുടെനേരേ യുദ്ധത്തിന്നു പുറപ്പെടുവാൻ കുറെ അമാന്തിച്ചു. അപ്പോൾ കൊച്ചിരാജാവ് തന്റെ മരുമകനായ വീരകേരള വമ്മരാജാവിനെ തിരുവനന്തപുരത്തെക്കയച്ചു. മുൻഎഴുതിമാറിയ ഉടമ്പിടിപ്രകാരം എല്ലാം ചെയ്തുകൊള്ളാമെന്ന് തിരുവിതാംകൂർ മഹാരാജാവിന് വിശ്വാസം വരുന്നതിന്നായി വീരകേരള തമ്പുരാൻ ശുചീന്ദ്രത്ത് പോയി ദേവന്റെ മുമ്പിൽവെച്ച് താഴെഎഴുതുംപ്രകാരം ഒരു സത്യവും ചെയ്തു.

"പെരുമ്പടപ്പു സ്വരൂപത്തിൽ രോഹണിനാളിൽജനിച്ച വീരകേരളവൎമ്മരാജാവാം നം ശുചീന്ദ്രത്ത് സ്ഥാണുമൂൎത്തിയുടെ സന്നിധാനത്തിൽവെച്ച് ഇപ്രകാരം ശപഥംചെയ്യുന്നു. നാമൊ നമ്മുടെ അനന്തരവന്മാരൊ, തൃപ്പാപ്പൂസ്വരൂപത്തിൽ കാൎത്തികതിരുനാളിൽ ജനിച്ച ശ്രീപത്മനാഭദാസവഞ്ചിബാലരാമവൎമ്മ കുലശേഖരപെരുമാൾ മഹാരാജാവിന്നു അദ്ദേഹത്തിന്റെ അനന്തരവന്മാൎക്കൊ, യാതൊരുഉപദ്രവവും ചെയ്യുകയൊ ചെയ്യിക്കയൊ ഇല്ല. അദ്ദേഹത്തിന്റെ ശത്രുക്കളോടു നാം ചെരുകയൊ അവരായി എഴുത്തുകുത്തുകൾ നടത്തുകയൊ ചെയ്കയില്ല. ഇപ്രകാരം സ്ഥാണുമൂൎത്തിയുടെ തൃപ്പാദത്തിങ്കൽവെച്ച് നാം യഥാവിധിപ്രതിജ്ഞചെയ്യുന്നു".

ഈ സത്യവാചകം കൊച്ചിരാജാവിന്റെ എഴുത്തുകാരനായ ചൊവ്വത്തി അമ്പാടിയെന്ന ഒരാളുടെ കയ്യക്ഷരത്തിൽ എഴുതിപ്പിച്ചിട്ട് കൊടുക്കുകയും ചെയ്തു. അതിന്റെ ശേഷം തിരുവിതാംകൂർ മഹാരാജാവ് തന്റെ മന്ത്രിയായ അയ്യപ്പൻ മാർത്താണ്ഡപിള്ള ദളവയൊട് ഒരു വലിയ പട്ടാളത്തൊടുകൂടി വടക്കോട്ട് പുറപ്പെടുവാൻകല്പിച്ചു. അന്ന് തിരുവിതാംകൂർമഹാരാജാവ് സാമൂതിരിക്കഎഴുതിഅയച്ചതാണ് ഈ ലേഖനത്തിന്റെ തലവാചകമായി ചേൎത്തിട്ടുള്ള ശ്ലോകം. പ്രകൃതം കൊണ്ട അതിന്റെ അൎത്ഥം സ്പഷ്ടമാണല്ലൊ. പട്ടാളത്തിന്റെ അധിപനായിട്ട് ജനറാൾ ഡിലിനൊയ് എന്ന ഒരു യൂറൊ

പ്പനായിരുന്നു. അച്ഛൻമാൎത്താണ്ഡപിള്ളയും ഡിലിനോയിയും സൈന്യത്തോടുകൂടി പുറപ്പെട്ടു വന്ന് പറവൂരുണ്ടായിരുന്ന സാമൂതിരിയുടെ സൈന്യത്തെ ഓടിച്ചു. സാമൂതിരിയുടെ ആൾക്കാർ "വരാപ്പുഴയും മഞ്ഞുമ്മലും ചാത്തനാട്ടും കൊതാട്ടും" ഉണ്ടായിരുന്നു എന്നു, അച്ഛൻ മാൎത്താണ്ഡപിള്ള ദളവയും പുരുഷാരവും അവിടങ്ങളിൽ ചേൎന്ന് വെടിതുടങ്ങി, അവരെ ഒഴിപ്പിക്കയും ചെയ്തു' എന്നു, ഒരു പഴയഗ്രന്ഥത്തിൽകാണുന്നുണ്ട്. അതിൻെറശേഷം ദളവസൈന്യത്തെ രണ്ടായിഭാഗിച്ച് ഒരു ഭാഗത്തെ ജനറാൾ ഡിലിനോയിയുടെ അധീനത്തിൽ മണപ്പുറംവഴിക്ക് ചാവക്കാട്ടെക്കു അയച്ചു. മറെറ ഭാഗത്തിൻെറ സേനാധിപത്യം താൻ തന്നെ വഹിച്ച് ദളവ കരപ്പുറന്നവഴിക്കു തൃശ്ശിവപേരുൎക്ക് പുറപ്പെട്ടു. ഒന്ന് തൃശ്ശിവപേരൂര എന്തെല്ലാമായിരുന്നു സംഭവിച്ചത് എന്ന് ഒരു ഗ്രന്ഥത്തിൽ വിവരമായി കാണുന്നതിനാൽ അതിനെ താഴേ ചേൎക്കുന്നു:—

"തൊള്ളായിരത്തി മുപ്പത്തിരണ്ടാമത ധനുമാസം ൧൫-ാംനു തൃശ്ശിവപേരൂൎക്ക് (സാമൂതിരിയും പുരുഷാരവും) കടന്ന് സന്ധ്യ-ാമതിലോളം ഇരുന്നതിൻെറ ശേഷം സന്ധ്യ-ാമതിൽ പനമ്പടപ്പിൽ സ്വാത്രുപത്തിലെ ആളുകൾ ചെമ്പുക്കാവിലും പാറമേക്കാവിലും കറിയിട്ട് ഭിന്ന് വരുമെന്ന കോവിലകത്തുനിന്നു എറങ്ങി പൊയ്ക്കോള്ളേണമെന്നു നെടുവിരുപ്പിൽ സ്വാത്രുപത്തിലെ ആളുകളോട വിളിച്ചുപറഞ്ഞാറെ എറങ്ങി പോകയില്ലെന്നു ഇങ്ങോട്ടു വിളിച്ചുപറഞ്ഞാറെ വെടിവെക്ക ആയത എന്നതിൻെറ ശേഷം പെരുമ്പടപ്പിൽ ആളുകൾ ചെമ്പുക്കാവിലും പാറമേക്കാവിലും വാങ്ങി പാൎക്കയും ചെയ്തു. അങ്ങിനെ യിരിക്കുമ്പോൾ മേടമാസം ൧-ാംനു കോവിലകത്തുനിന്നു നെടുവിരുപ്പിൽ സ്വാത്രുപത്തിലെ ആളുകളിറങ്ങിവന്നു തെക്കേത്തലത്ത പിഷാരോടിടെ വേനം കൊള്ളിവെച്ചു തെക്കോൾക്കു പുറപ്പെട്ടുചെന്നു ചെമ്പുക്കാവിലും പാറമേക്കാവിലും പാൎക്കുന്ന എജമാനന്മാരും ചെങ്ങഴിനമ്പ്യാരും കാരാട്ട നായരും വഴലോലി ചാക്കുണ്ണിനായരും പാറക്കുളങ്ങരെ പണിക്കരെയും കൂടി ഇളയപടയ സൎവ്വാധിക്യക്കാര എല്ലാവരെയും കൂടി ചെമ്പുക്കാവിൽ വരുത്തി കൂടിവിചാരിച്ചു കൊറവും കൊമ്പും കോവിലകത്തക്കു കടക്കുന്നത മുടക്കി വളഞ്ഞ വെടിവെക്ക പാൎക്കയും ചെയ്തു. അങ്ങിനെ ഇരിക്കുമ്പോൾ മേടമാസം ൧൦-ാംനു പൊന്നാന വാഴുന്നവരും ആളും ഗ്രാമക്കാര നമ്പൂരിമാരും കൂടി * അതിന്മുര വഴിക്കും പുറനാട്ടുകര വഴിക്കും കൂടി ചേറ്റുപുഴക്കു കടന്നു മഞ്ഞിക്കരെ ൨൦ം കത്തിപ്പൊളിച്ചു കൊള്ളിയും കുത്തി അവിടെനിന്നു കിഴക്കോട്ടുപോന്നു ആറാട്ടുപുഴ വഴിക്കുവന്നു ആളുകൾ പൊന്നഞ്ചെരിപ്പാമിൽ * കയറി പാട്ടിരാസ്സൽ എറങ്ങി അവിടുന്നു തെക്കോട്ടും കിഴക്കപ്പാട്ടുകരെ

* ഈ സ്ഥലങ്ങളെല്ലാം തൃശ്ശിവപേരൂരനിന്ന് പടിഞ്ഞാറായി മൂന്നും രണ്ടും മൂന്നും നാല്യം നാഴിക ദൂരെയുള്ള ദേശങ്ങളാകുന്നു.

നിന്ന പടിഞ്ഞാട്ടും ഭേദിയനുത്തരം വടക്കോട്ടും ഉള്ള ഗോപുരങ്ങൾ മതിലും കത്തിച്ചു ഇടിച്ചു കൊള്ളിവെക്കയും ചെയ്തു. അന്ന പെരുമ്പടപ്പിൽ സ്വരൂപത്തിലെ ആളുകൾ കൊടുങ്ങല്ലൂരത്തേക്ക † വാങ്ങുകയും ചെയ്തു. അവിടെനിന്ന ആളുകളെ ശേഖരിച്ച ഉടനെയും മടന്നും എത്തിച്ച തൃശ്ശിവപേരൂർ കിടന്ന കോവിലകത്ത പാൎത്തിരുന്ന ആളുകളെ വളഞ്ഞുവരിവെച്ച നെടുവിരുപ്പിൽ സ്വരൂപത്തിലെ ആളുകളെ ഒഴിപ്പിക്കുകയും ചെയ്തു. സമൂഹത്തിൽ ഉള്ള പെരുമ്പിള്ളയും കിടാങ്ങളും മതിൽകകത്ത ‡ തന്നെ വച്ച കടിച്ച പടകൊണ്ട ക്ഷേത്രത്തിലെ ആളുകളെയും എത്തിച്ച കൊള്ളിവച്ചുപോയ ഭവനങ്ങളും കത്തിപ്പോയി ച്ചുപോയ ദ്രവ്യങ്ങളും ചാൎത്തി കടിയിടികന്നതകവണ്ണം മുല്ലപ്പര കാൎക്കാർ വലിയ തമ്പുരാന്റെ തീട്ടൂരവും വലിയച്ചന്റെ § തീട്ടും വരികകൊണ്ടു വെളുത്ത പാലമേലിയേയും എലവള്ളി പാട്ടമാലിയേയും വരുത്തി പറഞ്ഞ കേട്ടുവന്നപോയ ആളുകളെയും വരുത്തി ചാൎത്തികളെ പടിക ഭവനം വകകൾ പലതരത്തും പടിപ്പണം കവൎന്നതും ഒന്നും വിത്തും പാത്രങ്ങളും പൊന്നും പണവും ചാൎത്തികളെ പടിക പണം ഉദ്ദേശം ക്രിയക വർ പണം കവൎന്നവരെ പറഞ്ഞ ചാൎത്തി മതിലകത്തുള്ള കടില പൊളിപ്പിച്ച വെളുത്ത പാട്ടമാലി തങ്ങമഠത്തിൽ തിരുമുമ്പന്മാരെയും യോഗത്തിങ്കൽ ചാങ്ങലിയേട്ടു നമ്പൂതിരിയേയും മണത്തിച്ച തങ്ങപൊറ്റ കരപ്പുറത്തോരേയും പന്നിയൂര പറമ്പുമാരെയും വഴിയിൽ മാരാരെയും മാരാന്മാരെയും വരുത്തി ശംഖുവിളിച്ച മുന്ന ഒട്ട എല്ലാവരേയും കൂടി ഇരുത്തുകയും ചെയ്തു".

ഒരം യുദ്ധത്തിൽ അയ്യപ്പൻ മാൎത്താണ്ഡൻ പിള്ള ദളവയും സൈന്യവും ഒരു പ്രധാനാംഗമായിരുന്നുവോ എന്ന സംശയിക്കേണ്ടിയിരിക്കുന്നു എന്തെന്നാൽ "തൃപ്പാപ്പ സ്വരൂപത്തിങ്കലെ പാളയം മാപ്രാണത്തഎത്തിയപ്പോറം (സാമൂതിരിയുടെ പുരുഷാരം) എല്ലാവടത്തുന്നും ഒഴികയും ചെയ്തു. പുരുഷന്മാരോളം എത്തിയതുമില്ല" എന്ന ഗ്രന്ഥവരിയിൽ കാണുന്നുണ്ട്. മേലെഴുതിയ ഗ്രന്ഥവരിയിൽ ദളവായേയും പുരുഷാരത്തെയും പററി യാതൊന്നും പറയുന്നുമില്ല.

ഇനറാം ഡിലിനോയ് സൈന്യത്തോടുകൂടി മണപ്രം വഴികൂ പുറപ്പെട്ടു എന്ന് മുമ്പിൽ പറഞ്ഞുവല്ലോ. അവർ ചാവക്കാട്ട് ചെന്ന് വളഞ്ഞു. സാമൂതിരിയുടെ അവിടെ ഉണ്ടായിരുന്ന സൈന്യം കുറേ നേരത്തേക്ക് ബലമായി എതൃത്തു നിന്നുവെങ്കിലും ഒടുക്കം മടങ്ങിവന്നു. ഡിലിനോയ് പരാജിതന്മാരായ ശത്രുക്കളെ പിന്തുടൎന്ന് അസംഖ്യം പേരെ തടവിലാക്കുകയും എതൃത്തുനിന്നവരെ കൊല്ലുകയും ചെയ്തുകൊണ്ട് തൃശ്ശിവപേരൂർ എത്തി. അതിന്നു മുമ്പായി

† തൃശ്ശിവപേരൂരനിന്ന നു നാഴിക തെക്കുള്ള ദേശം.

‡ തൃശ്ശിവപേരൂര വടക്കുന്നാഥൻ ക്ഷേത്രത്തിലെ മതിൽകകത്തു.

§ പാലിയത്ത് വലിയച്ചൻ കൊച്ചിരാജാവിന്റെ മന്ത്രിയാകുന്നു.

തന്നെ ദളവയും പുരുഷാരവും അവിടെ എത്തിയിരുന്നു. ഡിലിനോയ് സൈന്യത്തോടുകൂടി അവിടെ എത്തിയപ്പോഴും ദളവയെ അവിടെ എജമാനനായി കാണുകയാൽ വളരെ സന്തോഷിച്ചു.

സാമൂതിരിയും ആറംകാരും തൃശ്ശിവപേരൂരനിന്ന് ഒഴിച്ച് ചേ$ലക്കരചെന്ന് പാളയമടിച്ചു. ഡിലിനോയിയും ദളവയും തങ്ങളുടെരണ്ടു സൈന്യങ്ങളേയും കൂട്ടിചേർത്ത് വടക്കോട്ടു പുറപ്പെട്ടു. ചേലക്കരചെന്ന് സാമൂതിരിയേയും പുരുഷാരത്തേയും അവിടുന്നും ഓടിച്ച് അവരെ കക്കാടവരെ പിന്തുടന്നു. ദളവക്ക് സാമൂതിരിയുടെ പ്രധാന സ്ഥാനമായ കോഴിക്കോട് തന്നെ അക്രമിപ്പാൻ ഉത്സാഹം തുടങ്ങി. സാമൂതിരി അതറിഞ്ഞ് ഭയപ്പെട്ട് തന്റെ പട്ടാളത്തിൽ ഒരു പ്രധാനപുരുഷനായ ഗോപാല തലച്ചന്നവർ എന്നാളെ പത്മനാഭപുരത്തേക്കയച്ച് തിരുവിതാങ്കൂർ മഹാരാജാവിനോട് സമാധാനത്തിന്നപേക്ഷിച്ചു. മഹാരാജാവ അതിനെ സ്വീകരിച്ച് ഒരു ഉടമ്പിടിയും എഴുതിവാങ്ങി ദളവയോട സൈന്യത്തോടുകൂടി പിൻവാങ്ങുവാനായി കല്പനഅയച്ചു. ൯൩൭ാമത് എടവം ൨൨-ാംനു-യാണ ഉടമ്പിടി എഴുതി വാങ്ങിയത്. ഉടമ്പിടിപ്രകാരം സാമൂതിരി തിരുവാങ്കൂർ സൈന്യത്തിന്റെ യുദ്ധച്ചിലവിന്നായി ലക്ഷത്തി അയ്യതിനായിരം ഉറുപ്പിക കൊടുക്കകെയും, മേലിൽ പരസ്പരം സ്നേഹമായിരിപ്പാനും സാമൂതിരിയുടെ പുരാതന ശത്രുവായ കൊച്ചി രാജാവിനെ ഉപദ്രവിക്കാതിരിപ്പാനും വാഗ്ദത്തം ചെയ്യുകയും, ചെയ്തു. ‡‡

ദളവ സാമൂതിരിയുടെ ശല്യം ഇനിയും ഇല്ലാതിരിപ്പാൻ വേണ്ടി കൊച്ചി രാജാവിന്റെ ചിലവിന്മേൽ ചേലക്കരെയും തൃശ്ശിവപേരൂരും മറ്റും പട്ടാളങ്ങളെ ആക്കി പറവൂക്ക് മടങ്ങി. കൊച്ചി രാജാവിന്റെ ഉടമ്പിടിപ്രകാരം ദളവ ആലങ്ങാട്ടും പറവൂരും തിരുവിതാങ്കൂർ രാജ്യത്തേക്ക് ചേർത്ത് അവിടെ നികുതി പിരിപ്പാനും മറ്റും വേണ്ട ഏപ്പാടുകളെല്ലാം ചെയ്തു. ഉടമ്പിടിപ്രകാരമെല്ലാം

$ തൃശ്ശിവപേരൂരനിന്ന് ൧൬ നാഴിക വടക്കുള്ള ഒരു ഉൾനാട്.

‡‡ ശങ്കുണ്ണിമേനോന്റെ തിരുവിതാംകൂർ ചരിത്രം.

നടത്തിയതിനാൽ ദളവയുടെ ധീരതയെ കണ്ട സന്തോഷിച്ച് കൊച്ചിരാജാവ് അദ്ദേഹത്തിന്ന സമ്മാനമായി ചുത്തഞ്ചേരി എന്ന ഒരു ദേശത്തെ കൊടുത്തു. എന്നാൽ ദളവ അതിനെ സ്വന്തമായി എടുക്കാതെ തൃവഞ്ചാട്ട താലൂക്കിൽ ഒരു പ്രവൃത്തിയായി ചേർത്തു. §§

നെടുവിരുപ്പ് സ്വരൂപത്തെ ഒഴിപ്പിച്ചതിന്റെ ശേഷം കൊച്ചിരാജ്യത്ത് രാജ്യഭരണ സംബന്ധമായി ചില പുതിയ ഏർപ്പാടുകൾ വരുത്തിയത ഗ്രന്ഥവരിയിൽ കാണുന്നപ്രകാരം താഴെ ചേൎക്കുന്നു.

"തൊള്ളായിരത്തി മുപ്പത്തൊമ്പതാമാണ്ടിൽ ഒന്നു പാതി കണക്കു തീർത്ത മുപ്പുള്ളി സ്വരൂപപ്പത്തുകളെ പാട്ടവും പിരിച്ച രാജ്യത്തെ കീഴിൽ പണ്ടാരവക ഉൽപ്പത്തികൾക്കും, പന്നുമർദ്ദം, വെറുമ്പാട്ടം കാണിച്ച വാരം, അടിപ്പേറ, രക്ഷാഭോഗം, കാവൽ ചങ്ങാതം, കന്നുമതി ചുങ്കം, മററം രാജഭോഗങ്ങളുമായിട്ടുള്ള മുതലുകൾ എടുത്തുവരുന്നതല്ലാതെ ൧൦൩൦ാമാണ്ട മുതൽ രാജ്യത്തെ പുത്തനായിട്ട മുതലെടുക്കത്തക്കവണ്ണം കല്പിച്ചത, എട്ടിലൊന്ന, മുപ്പറ, നിലപണം, തെങ്ങ മുതൽ എടുക്കത്തക്കവണ്ണവും കല്പിച്ചു. അതിനാൽ പണ്ടാര മുതലും മേൽവിചാരിപ്പാൻ കാര്യക്കാരന്മാരെ കല്പിച്ച ആക്കുമാരെ ഉള്ളൂ. ൧൦൩൮ാമാണ്ട മുതൽക്ക കോവിലകത്തും വാതിലും, പ്രവൃത്തിയും, ചന്തവും, കല്പിക്കയും ചെയ്തു. ഇപ്രകാരം രാജ്യകാൎയ്യം നടന്നുവരുന്നു".

---

§§ കൊച്ചുണ്ണിമേനോന്റെ തി. ചരിത്രം.

---

ചൂടാസ്സിൽ തുളസീദളം യമദൂതന്മ
ർല്ലിങ്ങു ചൂടാസ്സതും
പാടാസ്സിൽ തിരുനാമ മന്ത്രകഥനം
രിങ്ങു പാടാസ്സതും ।
കൂടാസ്സിൽ സുകൃതങ്ങളും ചെയ്യതിനഹോ
പാപങ്ങളും കൂടാസ്സതും
വീടാസ്സിൽ കടമേവനും നരകമാം
നാടിങ്ങു വീടാസ്സതും ॥

വെണ്മണി വിഷ്ണു നമ്പൂരിപ്പാട.

# സാക്രട്ടീസ്സ.

വ.

—:o:—

ഗ്രീസ്സിലെ വേദാന്തശാസ്ത്രജ്ഞന്മാരിൽ വെച്ച സാക്രട്ടിസ്സിന്റ ശ്രേഷ്ഠത സിദ്ധിക്കുവാനുള്ള രഹസ്യകാരണം അയാളുടെ അതിപ്രശാന്തവും, ഗംഭീരവും, സ്വച്ഛതരവുമായ മനസ്സൊന്നു മാത്രമാകുന്നു. യാതൊരു ദിഷ്ടുകൂട്ടം അയാളുടെ മനസ്സമുദ്രത്തെ കല്ലോലജാലാകുലമാകുവാൻ ശക്തമായിരുന്നില്ല. കലഹിനികളിൽ അഗ്ര്യയായി ഗണിക്കപ്പെടാവുന്ന ഭാര്യ 'സാന്തിപ്പെ' സാക്രട്ടീസ്സിനെ എത്രമാത്രം ക്ലേശിപ്പിച്ചിട്ടുണ്ടെന്നുള്ളത് അനിർവചനീയമാകുന്നു. ലോകത്തിൽ മഹാത്മാക്കളായി ജീവിച്ചിരുന്ന ആളുകളുടെ ചരിത്രഭാണ്ഡത്തെ അഴിച്ചു നോക്കിയാൽ അവരിൽ പലരും ഭാര്യമാരുടെ ക്രോധത്താലും കലഹശീലത്താലും ദാമ്പത്യസുഖത്തിനുപകരം ദുഃഖമനുഭവിക്കയാണ് ചെയ്തിട്ടുള്ളതെന്ന് ഗ്രഹിക്കാവുന്നതാണ്. അതീതമായ പത്തൊമ്പതാം ശതാബ്ദ(ക്രിസ്തുവർഷം)ത്തിൽ കൂടെയും സ്ത്രീകളുടെ വിദ്യാപരിഷ്കാരവും ശീലഗുണങ്ങളും വർദ്ധിച്ചിരുന്നിട്ടും കാർലൈല് മുതലായ എത്രയെത്ര മഹാമതികൾ സഹധർമ്മചാരിണികളെക്കൊണ്ടു ധർമ്മസങ്കടത്തെ അനുഭവിച്ചിരിക്കുന്നു! സാന്തിപ്പെയുടെ കോപനശീലം, നമ്മെ ആശ്ചര്യത്തിൽ നിമജ്ജിപ്പിക്കുന്നില്ല. അവളുടെ രസനാദോഷം സാക്രട്ടീസ്സിനെ ഒരുകാലത്തും ക്ഷോഭിപ്പിച്ചിട്ടില്ല. അവളുടെ കോപനശീലത്തിന്ന സാക്രട്ടിസ്സിന്റെ സഹനശീലം ഒരു മറുമരുന്നായിരുന്നു. സാക്രട്ടീസ്സിന്റെ ക്ഷമാഗുണം സാന്തിപ്പെയുടെ കുടിലതയെ ശമിപ്പിക്കുന്നതിനുള്ള ഒരു കോപനചികിത്സയായിരുന്നു. കോപത്താൽ ഭത്സിക്കുന്നവരോടു പ്രത്യുക്തി ചെയ്യാതെയിരുന്നാൽ അവരുടെകോപം തൽക്ഷണം ദ്വിഗുണീഭവിക്കുകയും ക്രമേണ ശമിക്കുകയും ചെയ്യുന്നത് പ്രകൃത്യാസിദ്ധമാകുന്നു. ഒരവസരത്തിൽ അളവററ ശകാരങ്ങളെക്കൊണ്ട് സാക്രട്ടിസ്സിനെ സേചനം ചെയ്തിട്ടും അയാൾ നിരാകുലനായിരിക്ക തന്നെ ചെയ്യുന്നതുകണ്ടു അതികുപിതയായ് അവൾ മലിന ജലം കൊണ്ടു അയാളുടെ ശിരസ്സുവഴി

യേ അക്ഷരാൎത്ഥമായി സേചനം കഴിച്ച ഈ കലഹനിയുടെ ചരിതം ആരാലും വിസ്മരിക്കപ്പെടുവാൻ കഴിയുന്നതല്ല. “ശരി! കൊടുങ്കാററു കഴിഞ്ഞാല്പതൻ ഒരു വൃഷ്ടിയുണ്ടാകണമല്ലോ” എന്ന സാനുകമ്പമായ മന്ദഹാസത്തോടുകൂടി ആ അകൃത്യത്തേ സഹിച്ച സാക്രട്ടീസ്സിന്റെ ക്ഷമാശീലവും ആൎക്കു വിസ്മരിക്കുവാൻ കഴിയും?

“ക്ഷമായുധമിയന്നോനിൽ
ദുഷ്ടനൊന്തൊന്നു കാട്ടിടും?
വെള്ളത്തിൽ വീണിടും വഹ്നി
താനേ തന്നെ നശിച്ചുപോം.”

സാന്തിപ്പെയുടെ ശീലദോഷം വൈരുത്ത്യവും തുലോം കഠിനമായിരുന്നു. അവളുടെ ദുശ്ശാഠ്യത്തേ കുറഞ്ഞു ശീലത്തിന്ന മാൎദ്ദവഗുണം വരുത്തുവാൻ അയാൾ എന്തൊക്കെ പ്രയത്നപ്പെട്ടുവോ അതൊന്നുകൊണ്ടും ഉദ്ദേശ്യസിദ്ധി പൂൎണ്ണമായി ലഭിച്ചില്ലാ എന്നു തന്നെ പറയാം. തന്റെ പ്രയത്നം നിഷ്ഫലീകൃതമായി എന്നു കണ്ടപ്പോൾ മുതൽക്കു അയാൾ അവളുടെ ദുശ്ശാസനകളെ ശിരസാവഹിക്കയും, അതെല്ലാം തനിക്കു ക്ഷമയെയും ആത്മസംയമനത്തെയും അഭ്യസിപ്പിക്കുന്ന വഴിയാണെന്നു തന്നെ ഗണിക്കയും ചെയ്തു. സാക്രട്ടീസ് തന്റേ ശരീരത്തെ ഒരു ഭൃത്യനെപ്പോലെയേ സങ്കല്പിച്ചിരുന്നുള്ളു. ഏതെല്ലാം വേലകൾ ചെയ്യണമോ അതിനൊക്കയും അയാളുടെ ശരീരത്തെ വശപ്പെടുത്തി; തന്മൂലം വാൎദ്ധക്യകാലത്തുകൂടെയും അയാളുടെ ശരീരത്തിന്റെ ശ്രമക്ഷമത ഒരു ഉത്തമഗുണമായി ശോഭിച്ചിരുന്നു. തന്റെ അദ്ധ്യയനവും അദ്ധ്യാപനവും എത്രത്തോളം പ്രതിബന്ധിക്കപ്പെട്ടാലും താൻ ഒരു പൌരന്റെ നിലയിൽ ഏതേതു കൎത്തവ്യങ്ങൾക്കു കടപ്പെട്ടിരുന്നുവോ ആ കൃത്യങ്ങളെയെല്ലാം സാധിക്കുന്നതിൽ സാക്രട്ടീസ്സിനു ഒരിക്കലും വിപ്രതിപത്തി ഉണ്ടായിരുന്നില്ല. ഈ മഹാൻ സ്വരാജ്യത്തിന്നു വേണ്ടി മൂന്നുതവണ യോദ്ധാവായി പോൎക്കളത്തിൽ പോയിരുന്നുവെന്നു കേൾക്കുന്നത് നമ്മെ അത്ഭുതപ്പെടുത്തുമായിരിക്കാം. എന്നാൽ അതു നടന്ന സംഗതിയാകുന്നു. ഒന്നാമത്തെ സംഭവം പോട്ടിഡിയാ എന്ന സ്ഥലത്തിന്റെ രോധനത്തിങ്കലായിരുന്നു. അന്നു സാക്രട്ടീസ്സി

ന്ദപ്പത്തിന്റെപത്തു വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളൂ. ഹേമന്തകാലമായിരുന്നതിനാൽ അന്നു സൈന്യങ്ങളനുഭവിച്ച കഷ്ടപ്പാട് അല്പമായിരുന്നില്ല. സാക്രട്ടീസ്സ് മാത്രം അതിൽ അവ്യാകുലനായിരുന്നു. ധൈര്യത്താലും സാമൎത്ഥ്യത്താലും അന്നു കീൎത്തി നേടിയതും, സ്നേഹിതനായ ആൽസിബയാഡിസ്സിന്റെ പ്രാണരക്ഷചെയ്തതും, താൻ അഹിച്ചിരുന്ന ഒരു ബഹുമതിയെ അൽസിബയാഡിസ്സിന്നായി അത്യുദാരം കൈമാററിയതും എത്രയോ നിരാഭാസമായിട്ടായിരുന്നു. രണ്ടാം തവണ ആയുധമേന്തിയതു ഈ സംഭവം കഴിഞ്ഞ് ഏഴുസംവത്സരത്തിനു പിമ്പായിരുന്നു. ഇത്തവണ ഡിലിയം, എന്നൊരത്തു നടന്ന യുദ്ധത്തിലായിരുന്നു ഉൾപ്പെട്ടത്. "പെലൊപ്പൊണീഷ്യൻ യുദ്ധം" എന്നു പ്രസിദ്ധപ്പെട്ട ഒരു "മഹാഭാരതയുദ്ധ" ത്തിന്റെ അരുണോദയത്തിലായിരുന്നു ഈ സംഭവം നടന്നത്: 'ഡിലിയ' ത്തിലെ ചില്ലറ യുദ്ധം ഈ മഹായുദ്ധത്തിന്റെ ഉച്ചകാലത്തിന്നടുത്തതായിരുന്നു. ആത്തീനിയൻ സൈന്യങ്ങൾ 'ഡിലിയ'ത്തിൽ പോരിനെത്തിയപ്പോൾ തങ്ങൾക്കു മുൻലഭിച്ചിരുന്ന വിജയങ്ങളുടെ ഓൎമ്മ കുറെ ഏറെ ഉത്സാഹജനകമായിത്തീൎന്നിരുന്നു. സാക്രട്ടീസ്സ് ഈ അവസരത്തിൽ ഒരു ഹോപ്ലീററായി സേവിച്ചിരുന്നു. യുദ്ധത്തിന്റെ കലാശം ആത്തീനിയന്മാൎക്കു അപജയമായിട്ടാണ് സംഭവിച്ചത്. പ്രതിപക്ഷികളായ ബിയോഷന്മാർ ആത്തീനിയന്മാരെ നിൎദ്ദയമായി കഷ്ടപ്പെടുത്തി. ഇവർപിൻതിരിഞ്ഞ ഓട്ടകയാണെന്നു കണ്ടിട്ടു ബിയോഷന്മാർ ഇവരെ അവമാനിച്ചയക്കണമെന്നുകരുതി പലസാഹസങ്ങളും ചെയ്തു; പലരെയും ഹനിച്ചു. ഭാഗ്യവശാൽ സക്രട്ടീസും, പ്രിയസ്നേഹിതനായ ശിഷ്യൻ ആൽസിബയാഡിസ്സും ആയുധം വച്ച് അഭയം പ്രാപിക്കുവാൻ ഇടവന്നില്ല. ആൽസിബയാഡിസ്സ് കുതിരപ്പട്ടാളക്കാരുടെ കൂട്ടത്തിലായിരുന്നു സേവിച്ചിരുന്നത്. രണ്ടുപേരുംകൂടി ശത്രുക്കളുടെ അതിക്രമണത്തെ വിരോധിക്കയും ധൈര്യത്തോടേ സ്വയംരക്ഷപ്പെടുകയും ചെയ്തു. എന്നാൽ, ആൽസിബയാഡിസ്സ് ഇല്ലാതിരുന്നു വെങ്കിൽ സാക്രട്ടീസിന്റെ ശരീരം ശത്രുക്കളുടെ ഹസ്തഗതമായി ശകലിതപ്രായമാകമായിരുന്നു വെന്നു കൂടെ ഇവിടെ പ്രസ്താവിക്കാം.

സാംഗ്രാമിക കാൎയ്യത്തിൽ മാത്രമല്ല; ജാനപദ (Civil)കാൎയ്യത്തിലും സാക്രട്ടീസ്സ് ഉദ്യുക്തനായിരുന്നു. അറുപത്തഞ്ചാം വയസ്സുകാലത്തു 'അഞ്ഞൂറുവർ' (Council of 500) എന്ന സഭയിൽ സാക്രട്ടീസ്സും ഒരു സാമാജികനായി സ്വീകരിക്കപ്പെട്ടു. ഈ നിലയിൽ നിന്നു കാലക്രമേണ സഭാദ്ധ്യക്ഷനായിത്തീൎന്നു. അഞ്ഞൂറുവർസഭയിൽ അഗ്രാസനാധിപത്യം ഒരു ദിവസത്തെക്കേ ഉള്ളുവെന്നിരുന്നാലും അതിന്നായികാമിച്ചു പ്രയത്നപ്പെടുന്നവർ അക്കാലത്തു കുറവായിരുന്നില്ല. ക്രൂരമായ ഈ കൃത്യം ഒരു കൈക്കൂറാദിവസത്തിൽ തന്നെ സാക്രട്ടീസ് പത്തു നിരപരാധികളെ വിമോചനം ചെയ്തു. ഇവർ ഏതാനും വൈരികളുടെ പ്രേരണയാൽ നിഷ്കാരണമായ് കുറ്റം ചുമത്തപ്പെട്ടവരായിരുന്നു; ഇവരെ ഖണ്ഡനം ചെയ്യണമെന്നായിരുന്നു വൈരികൾ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഉദ്ദേശ്യം സാധിച്ചില്ല. സാക്രട്ടീസ്സിന്റെ നീതിനിഷ്ഠ ചുവരുപോലെ എതിരികളിലേക്കും വളയുന്നതല്ലായിരുന്നതിനാൽ ഈ ശാന്മാരുടെ ഭീഷണികളും, കടുവചനങ്ങളും അയാളെ ചലിപ്പിക്കുന്നതിന്നുപോലും ശക്തങ്ങളായിരുന്നില്ല.

ഇത്രയുമല്ല, സാക്രട്ടീസിന്നു വിമതന്മാരായിട്ടു് ആളുകൾ വേറെയും ഉണ്ടായിരുന്നു. നീതിനയനം ചെയ്തുകൊണ്ടു ഒരുവനു ശത്രുക്കളുണ്ടാകുന്നതു് അസാധാരണ സംഭവമല്ലല്ലോ. സാക്രട്ടീസ്സിന് ഈ വിരോധികളെക്കാൾ എത്രയോ വളരെ ഘോരന്മാരായ വൈരികളുണ്ടായിട്ടുള്ളതു തന്റെ ജ്ഞാനസമ്പത്തു മൂലമായിട്ടാകുന്നു എന്നു ആശ്ചൎയ്യരസത്തോടെ പ്രസ്താവിക്കേണ്ടിവരുന്നു. തൊഴിലാളിക്കു തൊഴിലാളിയെ കണ്ടുകൂടാ; വിദ്വാന് വിദ്വാനെയും! ഈ തത്വം ഇക്കാലത്തും യഥാൎത്ഥമായിവരുന്നുണ്ടെങ്കിൽ സാക്രട്ടീസ്സിന്റെ കാലത്തു എന്തുകൊണ്ട് അസംഭാവ്യമായിരിക്കും? ഇന്നു പണ്ഡിതന്മാരുടെ എണ്ണം അനല്പമായിരിക്കുന്നു; അന്നു വിദ്യാസമ്പന്നന്മാർ വളരേ കുറവായിരുന്നു.

ഇന്നു ഒരേതൊഴിലിൽ അനേകം ആളുകൾ ഉദ്യുക്തന്മാരായിത്തീരുകയാൽ മാത്സൎയ്യം ഉണ്ടാവുമെന്നല്ലാതെ പരസ്പരം വൈരം ദൃഢീകരിക്കുന്നില്ല. അന്നു ഓരോ തൊഴിലിന് ആളുകൾ ചുരുക്കവും, ഇവർ

മ്മിൽ മാത്സൎയ്യം സ്പദ്ധാപൂൎവ്വവും ആയിരുന്നു. ഇക്കാലത്തു വിദ്യാ
ഭ്യാസം സുകരവും സുലഭവുമായിരിക്കുന്നു. അക്കാലത്തു ശ്രമസാദ്ധ്യ
വും ദുല്ലഭവുമായിരുന്നു. സാക്രിട്ടീസിന്റെ ജീവിതകാലത്തു ഗ്രീഷ്യ
ൻ സംസ്ഥാനങ്ങളിൽ സ്വാതന്ത്ര്യപൌരന്മാരുടെ ഇടയിൽ പ്രാഥ
മികവിദ്യാഭ്യാസം യാവച്ഛക്യം പ്രചരിച്ചിരുന്നില്ലെന്നില്ല. പാഠശാ
ലകളിൽവച്ചു തന്നെയാണ് എഴുത്തുപഠിപ്പിച്ചു വന്നിരുന്നത്.
അടിമകളിൽവച്ചു കുറെ അറിവുള്ളവരെ വാദ്ധ്യാന്മാരായി തിരി
ഞ്ഞെടുക്കയും അവർ വിദ്യാൎത്ഥികളുടെ നടവടികളിൽ മേൽവിചാ
രം ചെയ്യാൻ ഏല്പിച്ചുടകപ്പെടുകയും ചെയ്തിരുന്നു. ഒരു കുട്ടിക്കു വായിക്കുവാൻ
പരിചയം ഉണ്ടായാൽ അപ്പോൾ മുതല്ക്കു അവൻ പലകവിക
ളുടെയും കൃതികളിൽ ഏറ്റവും ഭാഗങ്ങൾ മനഃപാഠമാക്കിക്കൊ
ള്ളുന്നതിന്ന നിൎബ്ബന്ധംചെയ്തിരുന്നു. സന്മാൎഗ്ഗധൎമ്മങ്ങളെയും, നീതി
കൃത്യങ്ങളെയും പ്രതിപാദിച്ചിട്ടില്ലാത്ത ഗ്രന്ഥങ്ങളെ ഈ വിധം
കാണാപ്പാഠമായി അഭ്യസിപ്പിക്കുന്നതിന്ന അവർ ശ്രദ്ധപ്പെട്ടിരു
ന്നില്ല. "സാരോപദേശ കഥകൾ" എഴുതിയ ആളായ "ഈസോ
പ്പിൻറയും' 'തിയോഗ്നിസ്' എന്ന മറ്റൊരുവിദ്വാന്റെയും കൃ
തികളെ മേൽപറഞ്ഞ ആവശ്യത്തിലേക്ക് പ്രത്യേകം ഉപയോഗ
പ്പെടുത്തിവന്നിരുന്നു. "സംഗീതം" എന്നൊരുവിഷയം അവശ്യാ
ഭ്യമായിട്ടാണ് അവർ ഗണിച്ചിരുന്നത്. ഈ വിഷയത്തിൽ, വീണ
വായന, പാട്ട്, നൃത്തം, എന്നിവയെ കൂടാതെ ശ്ലോകോച്ചാരണ
വും ഉൾപ്പെട്ടിരുന്നു. അതാതു കവിതകളെ വളരെ വ്യക്തമായും,
പ്രസാദത്തോടു കൂടിയും, ഇടയ്ക്കിടയ്ക്ക് ആവശ്യം പോലെ നിറുത്തി
യും ഏറെ ചാതുൎയ്യത്തോടെ ഉച്ചരിക്കുവാൻ നിബന്ധന ചെയ്തിരു
ന്നതിന പുറമേ, കളരികളിൽചെന്ന് ദേഹാഭ്യാസം ചെയ്ത് കായി
കശക്തികളെ അഭിവൃദ്ധിപ്പെടുത്തുകയും, ദൃഢീഭവിപ്പിക്കയും ചെ
യ്യുന്നതിനും വിദ്യാൎത്ഥികളോട് ചട്ടം കെട്ടിയിരുന്നു. ഏറെക്കുറെ
ധനികന്മാരായുള്ളവരുടെ മക്കൾ പതിനെട്ടോ ഇരുപതോ വയ
സ്സു പ്രായമാകുമ്പോൾ ആലങ്കാരികന്മാരുടേയും, 'സോഫിസ്റ്റു'
കൾ എന്ന പണ്ഡിതന്മാരുടേയും പ്രസംഗങ്ങൾ കേൾപ്പാൻ
ചെന്നു ചേരുകയും, 'ലിസിയം', 'അക്കാഡമി' മുതലായ വിദ്യാ

ശാലകളിൽ വച്ചു നടത്തുന്ന പ്രസംഗങ്ങളെ കേട്ടു ഓരോരോ വിഷയങ്ങളിൽ അറിവു സമ്പാദിക്കുകയും പതിവായിരുന്നു. കാവ്യമീമാംസ, വേദാന്തശാസ്ത്രം എന്നിരണ്ടു വിഷയങ്ങളിലുമാണ് പ്രധാനമായി പ്രസംഗിക്കാറുള്ളതെങ്കിലും ഇവയിൽ തന്നെ ഗണിതശാസ്ത്രം (Mathematics) ജ്യോതിശ്ശാസ്ത്രം, (Astronomy), യുക്തിവാദീയം (Dialectics), വക്തൃതാചാതുര്യ, നീതിശാസ്ത്രം (Morals) കൃതിശോധനം മുതലായവയേയും പ്രതിപാദിച്ചിരുന്നു. ആലങ്കാരികന്മാരുടെയും സൊഫിസ്റ്റുകളുടെയും പ്രവൃത്തികൾ രണ്ടും വസ്തുതഃ ഭിന്നങ്ങളാണെങ്കിലും ഒന്നു മററതിനോടു യോജിച്ചിരുന്നതിനാൽ വേർതിരിച്ചറിവാൻ എളുപ്പമായിരുന്നില്ല. ഈ രണ്ടുകൂട്ടമാണ് ആത്തീനിയൻ യുവജനങ്ങളുടെ ഭവിഷ്യജ്ജീവിതമാർഗ്ഗത്തെ രൂപീകരിച്ചിരുന്നതു. ദൃശ്യപ്രായമായ പ്രയോജനം യാതൊന്നുമില്ലാത്ത വേലയായിട്ടല്ലാ, എന്നാൽ ജീവിതകാലത്തിൽ ഏതെങ്കിലുമൊരു വഴിക്കു ഉപകാരപ്പെടത്തക്കവണ്ണമായിട്ടത്രേ വിദ്യാർത്ഥികൾ ഇവരുടെ പ്രസംഗങ്ങൾക്ക വേണ്ടി ഇങ്ങനെ അധ്വാനപ്പെട്ടിരുന്നതു.

ആത്തൻസിലും, സിസ്സിലിയിലും, ഗ്രീസ്സിൻെറ ഇതരഭാഗങ്ങളിലും അന്നു ജനസമുദായഭരണത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് പ്രബലമായ ഉൽകണ്ഠയുണ്ടായികഴിഞ്ഞിരുന്നതിനാൽ ആ സിദ്ധാന്തങ്ങൾക്കനുസരിച്ചുള്ള ഏർപ്പാടുകൾ ആവശ്യകങ്ങളായിത്തീർന്നിരുന്നു. ഇവയല്ല, ജനസംഘങ്ങളെ വശീകരിക്കുവാനും, പ്രതിപക്ഷികളെ തോല്പിക്കുവാനും മററും സമർത്ഥങ്ങളായ വാചാ പ്രസംഗങ്ങൾ ചെയ്യാൻ അഭ്യസിച്ചിരിക്കുക എന്നുള്ളതു അപേക്ഷിതമായിരുന്നു. അതിനാൽ, അലങ്കാര ശാസ്ത്രവും, യുക്തിവാദ ശാസ്ത്രവും പഠിപ്പാൻ ആഗ്രഹിച്ച പലരും മേൽപറഞ്ഞ പ്രസംഗ കർത്താക്കളെ അനുചരിച്ചിരുന്നു. സാക്രട്ടീസ്സിൻെറ കാലത്തു ഇങ്ങനെയുള്ള ദേശികന്മാർ പലരും അതാതു സ്ഥലത്തു കേൾവിപ്പെട്ടവരായിത്തീർന്നിരുന്നു. ഇവരിൽ 'സോഫിസ്റ്റു'കൾ എന്നു പറയപ്പെട്ടവർ സാക്രട്ടീസ്സിൻെറ കാലം വരെ നല്ല വിദ്വാന്മാരായിരുന്നു. "ഗ്രീസിലെ സപ്തർഷികൾ" എന്നു പ്രഖ്യാതന്മാരായ വിദ്വാന്മാർ കൂടി

ട്ടും ഈ സോഫിസ്റ്റു വർഗ്ഗത്തിൽ ഗണിക്കപ്പെട്ടിരുന്നു. എന്നാൽ ഈ അഭിധാനം പിൽക്കാലത്തു പണ്ഡിതമ്മന്യരെയത്രേ കുറിച്ചുവന്നതു. സാക്രട്ടീസിന്റെ കാലത്തുള്ള സോഫിസ്റ്റുകൾ പണ്ഡിത വേഷധാരികളായി മാത്രം ഗണിക്കപ്പെട്ടിരുന്നതുകൊണ്ടു സോഫിസ്റ്റു എന്ന പേരടുക്കുവാൻ സാക്രട്ടീസ തെല്ലും ഇച്ഛിച്ചില്ല. ഫിലാസഫർ" (തത്വജ്ഞൻ) എന്നത്രേ അയാളെ വിളിച്ചുവന്നത്. അന്നത്തെ സോഫിസ്റ്റുകൾ ഓരോവിഷയങ്ങളിൽ ശ്രോതാക്കൾക്കു അയഥാർത്ഥ ബോധത്തെ ഉണ്ടാക്കുകയും, നിന്ദ്യങ്ങളായ ഉപദേശങ്ങളെ നൽകുകയും ചെയ്തുവന്നു. ഈവിധം നാട്ടെല്ലാടവും പരന്നിരുന്ന മൌഢ്യാവരണത്തെ ഉൽക്ഷേപിക്കുവാനും, പകരം യഥാർത്ഥ ജ്ഞാനത്തെ പ്രകാശിപ്പിക്കുവാനും സാക്രട്ടീസ് ഉൽകണ്ഠിതനായിഭവിച്ചു. സോഫിസ്റ്റുകൾ സർവ്വജ്ഞന്മാരെന്നത്രേ ഭാവിച്ചിരുന്നതു. അവർ എല്ലാവിധം അറിവും നൽകുന്നതിനു ഇതരവിചക്ഷണമായസാമർത്ഥ്യം സിദ്ധിച്ചിട്ടുള്ളവരാണെന്നു സ്വയം ഉൽഘോഷണം ചെയ്തു. സ്വദേശത്തിനോ, സമാധിക്കോ, ഐഹസ്യത്തിനോ, പരസ്യത്തിനോ, പ്രയോജകീഭവിക്കുന്ന വിദ്യാസാമഗ്രികൾ എന്താകയെയാണോ അവയെയെല്ലാം ശ്രോതാക്കളെ ഗ്രഹിപ്പിക്കുവാൻ അവർ അതിപടുക്കളാണെന്നു നടിച്ചു. വാസ്തവമായ ജ്ഞാനം യാതൊരാൾക്കുണ്ടോ ആയാൾ വിനയശീലനായിരിക്കുമെന്നുള്ള തത്വം ഇവരുടെ സംഗതിയിൽ നിയമമല്ലാ, അപവാദമായിരുന്നു. 'വിനയം' എന്ന ഏകധർമ്മം സാക്രട്ടീസ്സിനെ അന്നത്തെ വിദ്വാന്മാരിൽ വച്ചു സർവ്വോപരിഷ്ഠനാക്കി. "ഞാൻ അജ്ഞനാണു എന്നുള്ളതത്രേ എന്റെ ജ്ഞാനസർവ്വസ്വം". ഇതായിരുന്നു സാക്രട്ടീസ് എപ്പോഴും എവിടെയും വാമൊഴി കൊട്ടത്തിരുന്നതു. അഹോ! അഹംബുദ്ധികളുടെ മർമ്മദാരണം ചെയ്യുന്ന തത്വം ഈ പണ്ഡിതമാനിതയെ സമൂലച്ഛേദം ചെയ്യുന്ന കുഠാരമാണെന്നു ആരുതാൻ സമ്മതിക്കയില്ല? സോഫിസ്റ്റുകളുടെ സർവ്വജ്ഞഭാവനയും സാക്രട്ടീസ്സിന്റെ പരമജ്ഞതയും തമ്മിൽ എത്രയോ അന്തരപ്പെട്ടിരിക്കുന്നു! രാജ്യമീമാംസ (Politics) സദാചാരനീതി (Law) വേദാന്തം (Philosophy) കലാ വിദ്യകൾ (Fine arts) എ

നീ വിഷയങ്ങൾക്കു പുറമെ സാധാരണ കൈത്തൊഴിലുകളും, വ്യാപാരങ്ങളും മററും സോഫിസ്ററുകൾക്കു അനവഗതങ്ങളല്ലെന്നവർ ആത്മ ശ്ലാഘനം ചെയ്തിരുന്നു. സത്യാസത്യ ചിന്തനം, ധർമ്മാധർമ്മ നിരൂപണം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ഇവർ ശ്രോതാക്കളെയും ശിഷ്യന്മാരെയും ഒട്ടേറെ കുഴക്കിയിരുന്നു. ഇവരുടെ വാഗ്മിത്വം ദൃശ്യമാത്രമായിരുന്നു. വാഗാടോപം പ്രകടിപ്പിക്കുവാനാണ് ഇവർ തങ്ങളുടെ തർക്കസാമർത്ഥ്യത്തെയും, ആലങ്കാരികശക്തികളേയും അപ്രതിബന്ധമായി പുറപ്പെടുവിച്ചുവന്നു. "ഇതു തെററു, അതു ശരി" എന്നൊരു ഭേദം ഒന്നിലുമില്ലെന്നു സാധിക്കുവാനത്രെ ഇവർ കണ്ഠക്ഷോഭം ചെയ്തിരുന്നതു. ഇതുമല്ല. സത്യമെന്നും അസത്യമെന്നും; നല്ലതെന്നും ചീത്തയെന്നും, ഒരു വ്യത്യാസവുമില്ലെന്നുകൂടി ഇവർ വാദിച്ചിരുന്നു. പ്രതിജ്ഞകൾ എല്ലാം ഒരുപോലെ സാധുവാണെന്നും, കൃത്യങ്ങൾ എല്ലാം ഒരുപോലെ ധർമ്മനിഷ്ഠങ്ങളെന്നും ഇവർ ഗൌരവമായി വാദം ചെയ്തു. ഇതൊക്കെയും തങ്ങളുടെ വാക്കുകളെക്കൊണ്ടുള്ള ഒരു ചെപ്പടിവിദ്യയായിരുന്നു; അവയുടെ അർത്ഥത്തെ ആവശ്യംപോലെ മാററിക്കൊള്ളുവാനുള്ള നൈപുണ്യം ഇത്രയെന്ന് പറവാൻ പ്രയാസമാകുന്നു. ഗ്രീക്കുഭാഷയുടെ സ്വഭാവത്തിന് ഈ ചെപ്പടി വിദ്യ എത്രയോ സ്വരുകമാണ്! സോഫിസ്ററുകൾ ശ്ലേഷപ്രയോഗങ്ങളെക്കൊണ്ടു സാക്രട്ടീസ്സിന്റെ നിഷ്കളങ്കമായ ബുദ്ധിയെ കൂടെയും ചില സന്ദർഭങ്ങളിൽ കുഴക്കീട്ടുണ്ട്. സാക്രട്ടീസിന്റെ ശിഷ്യനായ പ്ലേറേറാ എഴുതീട്ടുള്ള ഒരു ഗ്രന്ഥത്തിൽ നിന്നു ഈമാതിരി തർക്കത്തെക്കുറിച്ചു ഒരു ചരിത്രം ഗ്രഹിക്കാവുന്നതാണ്. ഒരേ സമയത്തുതന്നെ സംസാരിപ്പാനും മൌനം അനുഷ്ഠിപ്പാനും സാക്രട്ടീസ് ശക്തനാണെന്നു ഇവർ വാദിച്ചു; സാക്രട്ടീസിന് അച്ഛനുണ്ടെന്നും ഇല്ലെന്നും, സാക്രട്ടീസിന്റെ പിതാവുതന്നെ എല്ലാവരുടെയും പിതാവെന്നും; ആ പിതാവു ഒരു ശുനകനാണെന്നും സൌന്ദര്യത്തിന്റെ സന്നിധിയിലാണ സുന്ദരവസ്തുക്കൾ സൃഷ്ടങ്ങളാകുന്നതെങ്കിൽ ഒരു കാളയുടെ സാന്നിദ്ധ്യത്താൽ മനുഷ്യനും കാളയാകുന്നുവെന്നും; സാക്രട്ടീസ്സ് സാക്രട്ടീസ്സല്ലെന്നും; ക്ലിനിയസ്സ ക്ലിനിയസ്സല്ലെന്നും;

സാക്രട്ടീസ്സും ക്ലിനിയസ്സും ഒരോരാം തന്നെയെന്നും ഈ സാഛി സ്ററുകളിൽ രണ്ടാളുകാം ഒരിക്കൽ സാക്രട്ടീസിനോടു വാതിക്ക കളുണ്ടായിരുന്നു. ഇപ്രകാരമുള്ള അസാദ്ധ്യവാദങ്ങളെ കുറിച്ച് ഈ ഉപന്യാസത്തിൽ വിസ്തരിച്ചിട്ടാവിശ്യമില്ലല്ലൊ.

സാക്രട്ടീസിൻെറ ബുദ്ധിശക്തി കൊണ്ടു അവരാരുംതന്നെ വാദങ്ങളിൽ കഴങ്ങിപ്പോവാനിടയായില്ല. അവരുടെ വാദങ്ങളുടെ വക്രതയെയും, അസംബന്ധതയെയും അവരാൽ ചൂണ്ടികാണിക്കയും അവരെക്കൊണ്ടു തന്നെ സമ്മതിപ്പിക്കുകയും ചെയ്തു. സാക്രട്ടീസ്സിൻെറ എതിർവാദങ്ങാം ചോദ്യരൂപേണ ആയിരുന്നു. ഒരു വിഷയത്തെക്കുറിച്ചു ഓരോരോ ചോദ്യങ്ങാം ചെയ്തു അവരെക്കൊണ്ടു മറുവടി പറയിക്ക പതിവാണു; മറുവടിയുടുകപ്പാടെ അവരുടെ തന്നെ വാദങ്ങാം ഒക്കെ വിപരീതമായി പരിണമിക്കയും ചെയ്തിരുന്നു.

ഇടതും. കെ. രാമകൃഷ്ണ പിള്ള.

---

# സംഗീത വിദ്വാന്മാർ.

———:o:———

൧.

൧൦൭൭-ാം മാണ്ടത്തെ വിദ്യാവിനോദിനിയിൽ സംഗീത രത്നാകരത്തെപ്പററി ഞാൻ മൂന്നൊ, നാലൊ, ലേഖനങ്ങാം എഴുതിയിട്ടുണ്ടായിരുന്നു. സംഗീതരത്നാകരം സംഗീത ശാസ്ത്രത്തെ സംബന്ധിച്ച അതി പ്രസിദ്ധമായിട്ടുള്ള ഒരു ഗ്രന്ഥമാണെന്നു എല്ലാവരും സമ്മതിക്കുന്നതാണ്. എന്നാൽ ആ ഗ്രന്ഥത്തിൽ പണ്ടുള്ളവർ സംഗീതശാസ്ത്രത്തെ എങ്ങിനെയെല്ലാമാണ് വിഭാഗിച്ചിരിക്കുന്നത് എന്നും, എന്തെല്ലാം വിഷയങ്ങളാണ് പ്രതിപാദിക്കപ്പെട്ടിട്ടുള്ളത് എന്നും, മററും പൊതുജനങ്ങളെ മനസ്സിലാക്കണമെന്ന ഉദ്ദേശത്തൊടു കൂടിയാണ ഞാൻ ആ ലേഖനങ്ങളെ എഴുതുവാനാരംഭിച്ചത്. പക്ഷെ സംഗീതത്തിൽ അഭിരുചികുറഞ്ഞ അന്നത്തെ ചില വായനക്കാർ ആലേഖനങ്ങളെ അധിക്ഷേപിച്ചിരുന്നില്ലെന്നില്ല. അവയെ മനസ്സിരുത്തി വായിച്ച് രസിപ്പാൻ ക്ഷമയില്ലായ്കയൊ, ശേഷിയില്ലായ്കയൊ, മാത്രമായിരിക്കണം അതിനുള്ള

കാരണം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ സംഗീതത്തിൽ കാൎയ്യ പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ളവരും, അതിൽ രസമുള്ളവരും, ആയവർ അവയെ അഭിനന്ദിച്ചിരുന്നു എന്നും ഇവിടെ ധരിക്കുവാനിടയായിട്ടുണ്ട്. അതിനാൽ എന്റെ ഉദ്ദേശത്തെ സഫലീകരിക്കേണമെന്ന തന്നെ യായിരുന്നു അന്നത്തെ വിചാരം. പക്ഷെ അന്യകാരണങ്ങളെക്കൊണ്ട് അതിന്ന് തരമായില്ല. ഈ ലേഖനത്തിൽ ഞാൻ സംഗീത ശാസ്ത്രത്തെ പ്രതിപാദിപ്പാൻ ഭാവിക്കുന്നില്ല. രസികന്മാരായും മടിയന്മാരായും ഉള്ള വായനക്കാൎക്ക രസകരമാകുന്ന മെന്ന ഉദ്ദേശത്തിന്മേൽ സംഗീത വിദ്വാന്മാരെയും അവരുടെ കൃതികളെയും പററി ചില കാൎയ്യങ്ങളെ മാത്രം പറകി എടുത്ത് വെളി പറയുന്ന കൂട്ടത്തിൽ പറയുന്നതെയുള്ളൂ.

ആദ്യംതന്നെ സംഗീതമെന്ന പദത്തിന്റെ അൎത്ഥമെന്താണെന്ന് നിരൂപിക്കുക. ഇതിനെപ്പററി ൧൦൮൯-മീനമാസത്തെ വിദ്യാവിനോദിനിയിൽ "സംഗീതരത്നാകരം" എന്ന ലേഖനത്തിൽ വിചാരിച്ചിരിക്കുന്ന ഭാഗത്തെ ഇവിടെ ചെൎക്കുന്നു:— "സംഗീതപദത്തിന്ന കേവലം ഗാനമെന്ന അൎത്ഥം ധരിച്ചാൽ മതിയാവുന്നതല്ല. ഗീതം, വാദ്യം, നൃത്യം, ഈ മൂന്നും കൂടിയാലെ സംഗീതമെന്ന പറവാൻ പാടുള്ളൂ. സംഗീതം മാൎഗ്ഗം എന്നും, ദെശിയെന്നും, രണ്ടുവിധമാകുന്നു. ബ്രഹ്മാമുതലായവർ നാലുവെദങ്ങളെയും പരിശോധിച്ച് ഉണ്ടാക്കീട്ടുള്ള സമ്പ്രദായത്തിന്നാണ് മാൎഗ്ഗമെന്ന പറയുന്നത്. അതാതു ദേശങ്ങളിലുള്ള ജനങ്ങൾ അവരവരുടെ അഭിരുചിയേ അനുസരിച്ച് ഹൃദയരഞ്ജകമായി യാതൊരു ഗാനവാദ്യ നൃത്യങ്ങളെയാണ് പ്രയോഗിക്കുന്നത് അത ദെശിയുമാകുന്നു. നൃത്യം വാദ്യത്തെ അനുഗമിച്ചും, വാദ്യം ഗാനത്തെ അനുഗമിച്ചുമിരിക്കുന്നതിനാൽ ഗാനമാണ് പ്രധാനമായിട്ടുള്ളത്." അതിനാൽ ഗാനത്തിൽ വിദഗ്ദ്ധത്വം സമ്പാദിച്ചവരെയാണ് ഇവിടെ സംഗീത വിദ്വാന്മാർ എന്ന് പറയുന്നത്. ഗാനത്തെതന്നെ വീണ, ഫിഡ്ഡിൽ, മുതലായ യന്ത്രങ്ങളിൽ പ്രയോഗിക്കുന്നവരെയും ഉൾപ്പെടുത്തുന്നതാണ്.

പുരന്ദരദാസർ എന്നൊരു വിഷ്ണുഭക്തനുണ്ടായിരുന്നു. അദ്ദേ
ഹം കർണ്ണാടക ദേശിയനാണ്. സപ്തസ്വരം കഴിഞ്ഞാൽ പിന്നെ
ബാലപാഠമായി അഭ്യസിപ്പിക്കുന്ന വരശ്, സരളി, അലങ്കാരം,
ഗീതം, എന്നിവയെല്ലാമുണ്ടാക്കി ചിട്ടപ്പെടുത്തിയത് അദ്ദേഹ
മാകുന്നു. അദ്ദേഹത്തിൻെറ ശിഷ്യൻെറ ശിഷ്യനാണ് ത്യാഗരാജ
സ്വാമികളുടെ ഗുരുവായിരുന്ന വെങ്കിട സുബ്ബയ്യർ. അടിപ്പയ്യർ, കപ്പ
യ്യർ, എന്ന രണ്ടുപേരാണ് ഇപ്പോഴും നടപ്പുള്ള പ്രസിദ്ധങ്ങളാ
യ താനവർണ്ണങ്ങളെയുണ്ടാക്കിട്ടുള്ളത്. ഭൈയിരവിയിൻ "വിരി
ബോണി"വർണ്ണം, കല്യാണ്'രാഗത്തിൽ "വനജാക്ഷി" എന്ന വ
ർണ്ണം, ശങ്കരാഭരണത്തിൽ "സാമിനിനെ" (?) എന്ന വർണ്ണം, ഇങ്ങി
നെയുള്ള താനവർണ്ണങ്ങൾ അതിപ്രസിദ്ധങ്ങളാണല്ലൊ. കപ്പയ്യരെ
സാധാരണയായിവീണ കപ്പയ്യർ എന്നാണപറഞ്ഞുവരാറ അദ്ദേഹ
ത്തിൻെറ വർണ്ണങ്ങളിലും കീർത്തനങ്ങളിലും, വേണുഗോപാലൻ, രാ
ജഗോപാലൻ, എന്നിങ്ങിനെയുള്ള മുദ്രകൾ കാണുന്നുണ്ട. പ്രസിദ്ധ
മായ 'കൊനിയാടി' എന്ന അദ്ദേഹത്തിൻെറ കാമോദിരികീർത്തനം,
ശാസ്ത്രീയ സംഗീതവിദ്വാന്മാരുണ്ടാക്കിട്ടുള്ള ഏത് കീർത്തനത്തോടെ
ങ്കിലും പൊരുതുവാൻതക്കയോഗ്യതയുള്ളതാകുന്നു. 'പരദേവി' എ
ന്ന സുരുട്ടിരാഗത്തിലുള്ള അദ്ദേഹത്തിൻെറ കീർത്തനം കേൾക്കാ
ത്തവർ ചുരുക്കം തന്നെയാണ്. അതിൽപിന്നെ അസംഖ്യംപേർ
ഓരോ രാഗത്തിൽ താനവർണ്ണങ്ങൾ ഉണ്ടാക്കിട്ടുണ്ട്. അവയിൽചി
ലത് വളരെനന്നായിട്ടുണ്ട്. ചിലത് വളരെ സാമർത്ഥ്യത്തൊട കൂടി
രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും വിദ്വാന്മാർ അവയെ അത്രതന്നെ സമ്മ
തിച്ച് സ്വീകരിച്ചിട്ടില്ല. താനവർണ്ണത്തിൽ താനം അധികരിച്ചും
ഉടക്ക് ഓരോ അക്ഷരവും മാത്രമെ പാടുള്ളു. താനവും അക്ഷരവും
വളരെ യോജിച്ച് ചില പ്രത്യേക നിയമങ്ങളെ അനുസരിച്ചിരി
ക്കയും വേണം. ഇതാണ് താനവർണ്ണത്തിൻെറ സാമാന്യ ലക്ഷ
ണം. അതല്ലാതെ താനവർണ്ണത്തിൻെറ ഏതെങ്കിലുമൊരംശത്തിൽ
നൃത്തത്തിന്ന വേണ്ടി ഉണ്ടാക്കുന്ന സൌക്കവർണ്ണം പോലെ താനം ഇ
ല്ലാതെയോ, അക്ഷരങ്ങൾ വേണ്ടതിലധികമായോ, ഇരിക്കുന്നത്

ലക്ഷണക്കാരാകുന്നു. ‹‹സരസി›› * എന്ന കാമോദരിവർണ്ണം വള
രെ പ്രചാരമായിട്ടുണ്ടെങ്കിലും വിദ്വാന്മാർ അതിനെ പൂർത്തിയായി
സമ്മതിക്കുന്നില്ല.

ത്യാഗരാജയ്യർ, ദീക്ഷിതർ, ശ്യാമാശാസ്ത്രികൾ, എന്നീ മൂന്നു
പേരുംസഹജീവികളായിരുന്നു. അവർ മൂന്നുപേരുംഗംഭീരന്മാരാ
സംഗീതവിദ്വാന്മാരായിരുന്നു. അവരായിട്ട് കർണ്ണാടകരീതിയിലു
ള്ളസംഗീതത്തിന്ന് വളരെ പരിഷ്കാരം വരുത്തിട്ടുണ്ട്. മുമ്പെ വ
അഷ്ടപദിയും തോന്നുന്നവൻ ഒരുനല്ല ഭാഗവതരായി. എന്നാൽ
ഇപ്പോഴത്തെ അവസ്ഥനോക്കുക. ത്യാഗരാജയ്യർ മുതലായവരു
ടെ കീർത്തനങ്ങൾ, രാഗം, പല്ലവി, സ്വരം, അപൂർവ്വരാഗങ്ങൾ,
ടുക്കം ഒന്നോരണ്ടോ ഹിന്തുസ്ഥാനി, ഇവയെല്ലാം പാടുന്നവൻ മ
ത്രമെ ഒരു ഭാഗവതർ എന്നസ്ഥാനത്തിന്നർഹനാവുകയുള്ളൂ. ഇ
യിൽ ആദ്യവും അവസാനവും പറഞ്ഞിട്ടുള്ള എനങ്ങളിൽ ക
ച്ച് ന്യൂനത യുണ്ടെങ്കിലും മദ്ധ്യത്തിൽ പറഞ്ഞിരിക്കുന്ന രാഗം, പ
ല്ലവി, സ്വരം, തുക്കടരാഗങ്ങൾ എന്നിവയെ പ്രയോഗിക്കുന്നതിൽ
പാണ്ഡിത്യം കുഷ്ടിയാണെങ്കിൽ അയാൾ ഭാഗവതരല്ല നിശ്ച
യം തന്നെ. അങ്ങിനെയുള്ളവർക്ക് മുറിക്കുന്തക്കാർ എന്നാണ് ര
പേർസാധാരണ പറഞ്ഞു വരാറ്. ദക്ഷിണ ഇന്ത്യയിൽ സംഗീ
ത്തിന്ന് പുഷ്ടിവന്നിരിക്കുന്നതു പോലെ ഉത്തരദേശത്ത് വന്നി
ണ്ടോ എന്ന് സംശയമാണ്. ദക്ഷിണ ഇന്ത്യയിൽ സംഗീതത്തെ
ഇപ്പോഴത്തെസ്ഥിതിയിൽ കോണ്ടുവരുന്ന തിന്ന് കാരണഭൂതന്മാ
യിട്ട് ത്യാഗരാജയ്യർ മുതലായ വിദ്വാന്മാരാകുന്നു. ദീക്ഷിതർ ത്യാ
ഗരാജയ്യർ, ശ്യാമാശാസ്ത്രികൾ, ഇവരുടെ (പ്രത്യേകിച്ച ത്യാഗരാ
യ്യരുടെ) കീർത്തനങ്ങൾ ഇപ്പോൾ ധാരാളം നടപ്പുണ്ടല്ലോ. ത്യാ
രാജയ്യർ തഞ്ചാവൂരജില്ലയിൽ തിരുവാലൂര് എന്നദിക്കിൽ ജനിച്ചു

* തിരുവിതാങ്കൂറിൽ ഒ.ഫ്. നാടുനീങ്ങിയ കുലശേഖരപ്പെ
മാളുടെ സേവനായിട്ട് വടിവേലു എന്ന മഹാപ്രസിദ്ധനായ ര
സംഗീതവിദ്വാനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ജ്യേഷ്ടനാണ
ഈവർണ്ണമുണ്ടാക്കിയതെന്ന് കേട്ടിട്ടുണ്ട്.

ഷ്ക്കിലും സ്ഥിരവാസം തഞ്ചാവൂർ പട്ടണത്തിന്ന് ൫ നാഴിക വടക്കു് തിരുവിയാറെന്ന സ്ഥലത്തായിരുന്നു. അദ്ദേഹത്തിൻെറ കീൎത്തനങ്ങളെല്ലാം തെലുങ്കും സംസ്കൃതവും കൂടി മണിപ്രവാളമായിട്ടാകുന്നു. കൃതിയുടെ അവസാനത്തിൽ 'ത്യാഗരാജ' എന്ന മുദ്രയുണ്ടായിരിക്കും. അദ്ദേഹത്തിൻെറ സാധാരണ കീൎത്തനങ്ങളെല്ലാം സൌഖ്യമെന്നും, മദ്ധ്യമകാലമെന്നും, രണ്ടുജാതിയാകുന്നു. ഒരു രാഗത്തിൽ തന്നെ സൌഖ്യത്തിലും മദ്ധ്യമകാലത്തിലും അദ്ദേഹം കീൎത്തനങ്ങളുണ്ടാക്കിട്ടുണ്ട്. ഇതിന്നു ഉദാഹരണമായി ചിലത് താഴെ കാണിക്കാം:— ദബ്ബാർ രാഗത്തിൽ "മുന്ദുവിനു" എന്നകീൎത്തനംസൌഖ്യകാലത്തിലാകുന്നു. ആരാഗത്തിൽ തന്നെ "യോചനാ &c." എന്ന കൃതി മദ്ധ്യമകാലത്തിലാകുന്നു. അതുപോലെ തന്നെ തോഡിരാഗത്തിൽ "കോലുവമരെഗദാ" എന്നകൃതി സൌഖ്യത്തിലും "കടതേരാ" എന്നത് മദ്ധ്യമകാലത്തിലുമാകുന്നു. കരഹരപ്രിയരാഗത്തിൽ പ്രസിദ്ധമായ "ചക്കനിരാജ" എന്ന കീൎത്തനം സൌഖ്യത്തിലും, ആരാഗത്തിൽ തന്നെ "രാമനീസമാനമെവരു" എന്നത് മദ്ധ്യമകാലത്തിലുമാകുന്നു. ഇങ്ങിനെ അസംഖ്യമുണ്ട്. ആനന്ദഭൈരവി രാഗത്തിലും ഹംസധ്വനിയിലും ത്യാഗരാജകീൎത്തനങ്ങൾ കേട്ടിട്ടില്ല. ഉണ്ടായിരിക്കാം. പക്ഷെ ഇവിടങ്ങളിൽ നടപ്പില്ല.

മുത്തുസ്വാമി ദീക്ഷിതർ എന്ന ആൾ തിരുവാലൂർ സമീപം മണ്ണാർഗ്ഗുടി എന്നൊരുസ്ഥലത്താണ് ജനിച്ചത്. അദ്ദേഹം സംഗീതത്തിലും സാഹിത്യത്തിലും ഒരുപോലെ വിദ്വത്വം സമ്പാദിച്ചാളായിരുന്നു. അദ്ദേഹത്തിൻെറയും ത്യാഗരാജസ്വാമികളുടെയും കീൎത്തനങ്ങളുടെ വ്യത്യാസത്തെയും, അവരുടെ വിദ്വത്വത്തിൻെറ താരതമ്യത്തേയും, പററിവിസ്താരമായി ഇനിയൊരു ലേഖനത്തിൽ പ്രതിപാദിക്കുന്നതാണ്. അദ്ദേഹത്തിൻെറ കീൎത്തനങ്ങളെല്ലാം സംസ്കൃതത്തിലാകുന്നു. സംസ്കൃതംതന്നെ സംഗീതത്തിന്ന് മഹാനുകൂലമായ ഭാഷയാകുന്നു. എങ്കിലും അദ്ദേഹം പ്രസിദ്ധങ്ങളായും അപ്രസിദ്ധങ്ങളായുമുള്ള രാഗങ്ങളിൽ സംസ്കൃതഭാഷയിൽ ഉണ്ടാക്കിട്ടുള്ള അനാവധി കീൎത്തനങ്ങളുടെ ഭംഗിയും മാധുൎയ്യവും അറിഞ്ഞി

ട്ടുള്ള ഒരുവൻ അദ്ദേഹത്തിന്റെ അപാരമായ പാണ്ഡിത്യത്തെ പ
ററിവിസ്മയിക്കാതിരിക്കുകയില്ല. അദ്ദേഹത്തിന്റെ കൃതികളിൽ സ
ധാരണയായിമൂന്നു മുദ്രയുണ്ടായിരിക്കും. ൧. കൃതിമദ്ധ്യത്തിൽ മദ്ധ്യ
കാലം. ൨. 'ശ്യാമകൃഷ്ണ' എന്നമുദ്ര ൩. രാഗത്തിന്റെ പേര്. ചിലപ്പോ
ാം മൂന്നു മുദ്രയും കൂടി കൃതിയുടെ അവസാനത്തിൽ ഒന്നിച്ചിരിക്കും.
ശ്രീരാഗത്തിൽ "ശ്രീവരലക്ഷ്മീ" എന്നും, കേതാരഗൌളയിൽ
"നീലകണ്ഠംഭജേഹം" എന്നും, ആനന്ദഭൈരവിയിൽ "മാനസഗു
രു" എന്നും, ഹംസധ്വനിയിൽ "വാതാപിഗണപതിം" എന്നും,
ഭൈരവിയിൽ "ചിന്തയമാകന്ദ" എന്നും, മററുമുള്ള അദ്ദേഹത്തി
ന്റെ കീർത്തനങ്ങളുടെ ഗാംഭീര്യവും ഭംഗിയും, അവയെകേട്ടിട്ടുള്ള
വക്ക് അനുഭവസിദ്ധമാണല്ലൊ. ശ്യാമാശാസ്ത്രികാം ശാക്തേയനാ
യിരുന്നു. അതിനാൽ അദ്ദേഹത്തിന്റെകൃതികൾമിക്കതും ദേവീപ
രമായിട്ടാകുന്നു. 'ശ്യാമകൃഷ്ണ' എന്നാണ അദ്ദേഹത്തിന്റെ മുദ്ര. ശ്യാ
മാ കീർത്തനങ്ങൾ ഇവിടങ്ങളിൽ വളരെ നടപ്പില്ല. എങ്കിലും കല്യാ
ണിരാഗത്തിൽ "തല്ലിനിന്നുനെറ", ആനന്ദഭൈരവിയിൽ "പാഹി
ശ്രീഗിരിരാജസുതേ" എന്നും മററുമുള്ള കീർത്തനങ്ങൾ മഹാപ്രസി
ദ്ധങ്ങളാണല്ലൊ.

കെ. എ.

---

# സുഭദ്രാർജ്ജുനം.

—:o:—

ഭാഷാനാടകം.

3.

അർജ്ജുനനിൽ തനിക്കുള്ള പ്രണയാതിരേകത്തെ കുറിച്ച്
സുഭദ്ര സഖികളുമായി ചെയ്യുന്ന ഒരു ദീൎഘ സംഭാഷണമാണ് ഇ
തിൽ പ്രധാനമായി കാണുന്നത്. സുഭദ്രയുടെ ആശയം അറിയു
വാൻ വേണ്ടി ഉദ്ധവൻ എന്ന ദൂതൻ മരക്കൂട്ടത്തിൽ മറഞ്ഞുനി
ന്ന് ഇവരുടെ വർത്തമാനം കേൾക്കുന്നു. ഈ അങ്കം ലളിതപദങ്ങ

പ്പാൽ മനോഹരങ്ങളായ രണ്ടു ശ്ലോകങ്ങൾ കൊണ്ട് ആരംഭിക്കു
ന്നവെങ്കിലും അനേകം അസംഗതികളാൽ കുറെ വികൃതമായിരി
ക്കുന്നവെന്നുകൂടി പറയാതെ കഴികയില്ല

സുഭദ്രക്കു അൎജ്ജുനനിലുള്ള പ്രണയ പാരവശ്യം പല ഭാഗ
ങ്ങളിലുമായി ഇപ്രകാരം വൎണ്ണിക്കപ്പെട്ടിരിക്കുന്നു:—

ചൂതാൎപ്രസൂനതതികൊണ്ടു ചമച്ച തല്പേ
മത്തേഭഗാമിനി കിടന്നുതളൎന്നിതല്ലോ ।
അത്യാൎദ്രമായ നവചന്ദന സാരമേററം
പ്രത്യംഗമാശു പകൎന്നിതു തോഴിമാരും ॥

സഖിമാർ— സഖി! സുഭദ്രേ, ഇപ്പോൾ നിന്റെ താപം കുറെ ശ
മിച്ചുവൊ?

സുഭദ്ര— സഖിമാർ എന്റെ താപശാന്തിക്ക് വല്ലതും ചെയ്യുന്ന
തോ എന്നുകൂടി ഞാൻ സംശയിക്കുന്നു.

കലാവതി (സുശീലയോടു സാകാംക്ഷമായിട്ട്)

പ്രിയസഖിയുടെ താപം പാൎക്കിലിന്നിത്തരംതൻ
പ്രിയനൊടു വരവെന്നോ കേൾപ്പതില്ലിങ്ങുദന്തം.
നയമൊടിവിടെ നാമിന്നെന്തു ചെയ്യേണ്ടു ചൊല്ലീ
ടയിസഖി സുശീലേ തൽപ്രശാന്ത്യൎത്ഥമിപ്പോൾ.

സുഭദ്ര— ആ പ്രിയജനത്തിന്റെ വാൎത്തപോലും കേൾക്കുന്നില്ല.
ഞാൻ എത്ര കാലം ഇങ്ങിനെ മൃതപ്രായയായി ജീവിച്ചിരിക്കണം
നിൎദ്ദയനായ കാമൻ എന്റെ പ്രാണങ്ങളെ അപഹരിക്കുന്നതുമില്ല
ല്ലോ. (എന്ന് മോഹിക്കുന്നു.)

സഖിമാർ— പ്രിയസഖി! ആശ്വസിക്കു. ആശ്വസിക്കു. (എന്ന്
ഹിമജലം തളിച്ച് താമരയില കൊണ്ട് വീശുന്നു.)

ഇവിടെ സുഭദ്രയുടെ താപത്തിന്റെ സ്വഭാവം ഇന്നതെന്ന്
സഖിമാൎക്കും സുഭദ്രക്കും നല്ലവണ്ണം അറിയാമായിരുന്നു. എന്നു ത
ന്നെയല്ല അതിനെ ഗോപനം ചെയ്വാൻ സുഭദ്ര ശ്രമിക്കുന്നില്ല.
അങ്ങിനെയിരിക്കെ നവചന്ദന സാരമേററം പ്രത്യംഗം പകരുവാ
നാകട്ടെ, പൂമേനിയിൽ തളിർകൊണ്ടൊ, ഹിമജലം തളിച്ച താമ

ലയിച്ചകൊണ്ടൊ വിശറുവാനാകട്ടെ ഒരാവശ്യവും അവിടെയുണ്ടായിരുന്നില്ല. കേവലം മാനസികമായ ആധിയെ ശമിപ്പിക്കുവാൻ ചന്ദനം മുതലായ ശീത ദ്രവ്യങ്ങൾ വാരിത്തേച്ചാൽ യാതൊരുപകാരവുമില്ല. സുഭദ്രയുടെവ്യാകുലത്തിന്റെ കാരണം അവൾ പ്രത്യക്ഷമായി പറഞ്ഞതിന്നു ശേഷവും സഖിമാർ ഹിമജലം തളിച്ച താമരയിലയാണ് പ്രയോഗിച്ചത്. ഇന്ദു മരന്ദ ചന്ദന സരോമന്ദാനിലാദികൾ ഉൽകണ്ഠയെ വർദ്ധിപ്പിക്കയും മദനാഗ്നിയെ ഉജ്ജ്വലിപ്പിക്കയും ചെയ്യുന്ന വസ്തുക്കളെന്നു വിശ്വസിക്കപ്പെടുന്നതിനാൽ ഈ സഖിമാരുടെ പ്രവൃത്തി ഏതുവിധത്തിൽ നോക്കിയാലും അനുചിതമാകുന്നു. സുഭദ്രയുടെ നില്ലജ്ജതയും വിനയ രാഹിത്യവും ദയനീയമാകുന്നു. ചൂതൻ പ്രസൂനതതികൊണ്ടു ചമച്ച തല്പത്തിൽ കിടന്നരുളുന്നതും

ഉരസിലെന്നുടെ തീക്ഷ്ണനായിട്ടും
ശരമിതാ ചൊരിയുന്നിതു മന്മഥൻ

എന്നും മറ്റും നിലവിളിച്ചു മൂർച്ഛിക്കുന്നതും

പേമഴപോൽ ശരമിപ്പോ
ളുമയ മേറിയിട്ടുമെന്റെ തനുവിങ്കൽ ।
സീമവെടിഞ്ഞു ചൊരിഞ്ഞി
ക്കാമനഹോ ഹന്തമാം ചതിക്കുന്നു ॥

എന്നുപറഞ്ഞു കരയുന്നതും ശ്രേഷ്ഠകുല ജാതയായി കേവലകുമാരി യായിരിക്കുന്ന ഒരുവൾക്കു ചേർന്ന ചേഷ്ടകളല്ല. തളിർകൊണ്ടും താമരയിലകൊണ്ടും വീശുന്ന നടപ്പ പണ്ടുണ്ടായിരുന്നേക്കാമെങ്കിലും ഇക്കാലത്ത് കേൾക്കാറില്ല. എന്നു തന്നെയല്ല തളിരിന്റെ മാർദ്ദവത്താലും താമരയിലയുടെ ജലത്തോടുള്ള സംബന്ധത്താലും അവയുടെ സാമീപ്യമൊ അവയെക്കുറിച്ചുള്ള വിചാരമൊ മനസ്സിന്നു കുറെ സുഖദമാണെന്നു മാത്രം സമ്മതിക്കാമെന്നല്ലാതെ ശരീരത്തിന്നു കാറ്റുകൊള്ളുവാൻ അവ വളരെ ഉപയോഗമുള്ളവയെന്ന് ഒരിക്കലും പറഞ്ഞുകൂടാ. പിടിക്കുവാനാകട്ടെ വീശുവാനാകട്ടെ തീരെ മുറുക്കമില്ലാത്ത ഈ വസ്തുക്കൾ മേൽപറഞ്ഞ ആവശ്യത്തിന്നു വല്ലവരും വല്ല കാലത്തും ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആ

കാലം ധാരാളം കാററ് കൊടുക്കുന്ന വിശറിയുടെ പ്രയോജനം അറിവില്ലാത്തതായിരുന്നുവെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. പുഷ്പങ്ങൾകൊണ്ടു ചമച്ച കിടക്കകളിൽ ഇക്കാലത്ത ആരും കിടക്കുന്നതായി കേൾക്കുന്നില്ല. അങ്ങിനെ ഒന്നുണ്ടാകിൽ അതിൽ കിടന്നാലുള്ള സുഖം ഊഹ്യമാണല്ലോ. മാലതിയെ ഭവഭൂതി ഇളയ വാഴയിലയിലാണ കിടത്തിയത. വിചാരത്തിന്ന മാത്രം സുഖത്തെ കൊടുക്കുന്ന വസ്തുക്കളുടെ നാമങ്ങൾ കൊണ്ടുള്ള പ്രയോഗത്തെയും, ആ വസ്തുക്കൾ ഏതേതു സംഗതികളിൽ സഫലമായി ഉപയോഗിക്കാമെന്നുള്ള തത്വത്തെയും നമ്മുടെ ഭാഷാ കവികൾ ഇനിയെങ്കിലും തിരിച്ചറിഞ്ഞാൽ കൊള്ളാം.

കന്യകകൾക്ക് യോഗ്യനായ ഒരു തരുണനിൽ കലശലായ പ്രേമം ഉണ്ടായി എന്ന് വരാവുന്നതാണ്. എന്നാൽ അങ്ങിനെയുള്ള അനുരാഗം അവർ അവിവാഹിതകളായിരിക്കുന്ന കാലത്ത് സ്വല്പമായിട്ട മാത്രം പ്രത്യക്ഷപ്പെടുത്തുന്നതല്ലാതെ (നിർല്ലജ്ജയായ കുലാംഗന നഷ്ടയെന്നാണല്ലോ.) കഠിനമായി തീപ്പൊള്ളുകയോ ഘോരമായ മസൂരി പിടിപെടുകയോ ചെയ്താൽ എന്നപോലെ പ്രണയ വിഹ്വലയായ ഒരു കന്യക കിടന്നുരുളുക, കരയുക, മൂർഛിക്കുക എന്ന ക്രിയകൾ ഒരിക്കലും ചെയ്യുന്നതല്ല.

സഖിമാരുടെ പ്രയത്നം നിഷ്ഫലമെന്നു കണ്ടപ്പോൾ സുഭദ്രയാൽ എഴുതപ്പെട്ട അർജ്ജുനന്റെ ചിത്രപടം സുശീല എന്ന സഖി പോയി കൊണ്ടുവന്ന് സുഭദ്രയുടെ കയ്യിൽ കൊടുക്കുന്നു. സുഭദ്ര ചിത്രത്തിലുള്ള വല്ലഭനെ നോക്കി പ്രേമ പാരവശ്യത്തോട് 'അയിപ്രാണനായക'

“സൂക്ഷിച്ചീടുകിലല്പമൊന്നു ചെറുതായ്
തെല്ലുള്ള സംഫുല്ലമായ്
പക്ഷ്മത്താലതിരമ്യമായ് സരസിജം
പോലോരവും കാന്തമായ്
സാക്ഷാൽ പ്രേമരസം നിറഞ്ഞു വഴിയും
ചക്ഷുസ്സിനാലീവിധം
വീക്ഷിക്കുന്നതു മെന്തിനിന്നു സരസം
മാരന്നു മോദത്തിനോ ?”

എന്ന ചോദിച്ചപ്പോൾ "അല്ല നിനക്ക മോഹതിവാണ്" എന്ന കലാവതി പറഞ്ഞ സമയം സുഭദ്ര ലജ്ജിക്കുന്നപോലും! ഉന്നെ സഖികൾ "ലജ്ജിക്കണ്ട. ചിത്രഗതനായ പ്രിയതമനെ നോക്കിക്കൊണ്ടാത്മാവിനെ വിനോദിപ്പിക്കുക" എന്ന് ഉപദേശിച്ചു കേട്ട്

"മനോരഥശതങ്ങളാൽ" എന്ന തുടങ്ങുന്ന ശ്ലോകം ആരംഭിച്ച് "അനാരത മപവാദമായി" എന്നുവരെ എത്തിയപ്പോൾ ലജ്ജയാൽ സുഭദ്ര വിരമിക്കുന്നപോലും! ഈ സുഭദ്രയും ഇതിനുമുമ്പിൽ സഖികളുടെ മുമ്പിൽവെച്ച് ലജ്ജാലവം കൂടാതെ പരിഹാസാസ്പദങ്ങളായ അനേകം ചേഷ്ടകൾ കാണിച്ച സുഭദ്രയുംതന്നെന്നെയോ?

അനന്തരം സുഭദ്രയെ ദുര്യോധനന കൊടുക്കുവാൻ ബലഭദ്രർ നിശ്ചയിച്ചിരിക്കുന്നു വെന്നുള്ള വർത്തമാനത്തെപ്പററി കലാവതിയും സുശീലയും സ്വകാര്യമായിട്ടും അല്ലാതെയും സംസാരിച്ചുകൊണ്ടിരിക്കുന്നത സുഭദ്രകണ്ട് കാര്യമെന്തെന്ന ചോദിച്ചപ്പോൾ സഖിമാർ വിശേഷിച്ചൊന്നുമല്ലെന്നും പറവാൻ മാത്രം മനമില്ലെന്നും മാറുമുള്ള വചനങ്ങളാൽ സത്യം വെളിപ്പെടുത്തുന്നതിന മടിക്കുന്നതു കണ്ടിട്ട് സുഭദ്ര ഇപ്രകാരം വിചാരിക്കുന്നു. "ദുർബ്ബുദ്ധിച്ചിട്ടും ഇവർ മടിക്കുന്നതു കാണുമ്പോൾ ഞാൻ ശങ്കിച്ച കാര്യം തന്നെയാണെന്ന തോന്നുന്നു. അല്ലെങ്കിൽ ചായമെടുക്കുവാൻ പോയ സുശീല അതെടുക്കാതെ വ്യസനത്തോടുകൂടി മടങ്ങി വരുവാൻ കാരണമെന്ത്?" സുശീലയെ ചായങ്ങളും തൂലികയും എടുത്തുകൊണ്ടു വരുവാനായി അയച്ചതിന്റെ ശേഷം സുഭദ്രയും കലാവതിയും അവളുടെ വരവു കാത്തുംകൊണ്ട അവിടെ നിന്നിരിക്കുന്നു. അതിനാൽ സാമാനങ്ങൾ കൂടാതെ സുശീല മടങ്ങി വരുന്നത് കണ്ട ഉടനെ തന്നെ അതിന്റെ കാരണമെന്തെന്ന് സുഭദ്രക്ക അവളോട ചോദിക്കുവാൻ വളരെ ന്യായമുണ്ടായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ അവൾ മടങ്ങിവന്ന് കലാവതിയുമായി കുറേനേരം സംസാരിച്ചതിന്റെ ശേഷവും മറെറാരു സംഗതിയേക്കുറിച്ച സുഭദ്ര ചോദിച്ചതിന വ്യക്തമായ ഉത്തരം കിട്ടാതിരുന്നപ്പോഴും മാത്രമെ ചായമെടുക്കുവാൻ പോയ സുശീല അതെടുക്കാതെ മടങ്ങിവ

ന്നി കാൎയ്യത്തെക്കുറിച്ചു സുഭദ്ര വിചാരിക്കുവാൻ തന്നെ തുടങ്ങുന്നു
ള്ളൂ. ഈ മൌനം കുറെ അസ്വാഭാവികവും നാടകത്തിന്നു ഒരു ദോ
ഷവും ആണെന്നു് പറയേണ്ടിയിരിക്കുന്നു.

ഒടുവിൽ സുഭദ്രയുടെ മുട്ടിപ്പു കാരണം സഖിമാർ വളരെ പ
ണിപ്പെട്ടു് പരമാൎത്ഥം പറയുകയും സുഭദ്ര മൂൎച്ഛിക്കയും ചെയ്യുന്നു.
ഒപ്പാറ മരക്കൂട്ടത്തിൽ മറഞ്ഞുനിന്നിരുന്ന ദുൎവ്വിദഗ്ദ്ധൻ ഇവരു
ടെ വൎത്തമാനം കെട്ടു് സന്തോഷത്തോടെ പറയുന്നതെന്തെന്നാൽ:
കന്യകയെ കൊടുക്കുവാൻ നിശ്ചയിച്ചുവൊ! നന്നായി. അദ്ദേഹ
ത്തിന്റെ മനോരഥം സഫലമാകുമല്ലൊ. (ഈൎഷ്യയോടെ) അതിന്നു
ഇതുകൊണ്ടും വ്യസനിക്കുന്നതെന്തിനാകുന്നു." ഇത്യാദി. ഇവിടെ
ദുൎവ്വിദഗ്ദ്ധന്റെ ഭക്തിയും സഖിമാരുടെ വ്യസനംകണ്ടു് അവനുണ്ടാ
യ ഈൎഷ്യയും ഭംഗിയായി പ്രദൎശിപ്പിക്കപ്പെട്ടിട്ടുണ്ടു്.

ഇവർ ഇപ്രകാരം സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ
കുമാരിയെ കാണ്മാൻ രുഗ്മിണീദേവി എഴുന്നള്ളുന്നുണ്ടെന്നു് അ
ണിയറയിൽ നിന്നും കെട്ടുടനെ ചിത്രപടം എവിടെയെങ്കിലും
ഒളിച്ചു വെക്കുന്നതിന്നും ശീതോപചാരത്തിന്നു കൊണ്ടുവന്ന സാധന
ങ്ങൾ വേഗം മാറ്റുന്നതിന്നും സുഭദ്ര കല്പിച്ചതിൽ കാണിച്ച പരി
ഭ്രമം ഈ സന്ദൎഭത്തിൽ വളരെ യോജിച്ചുള്ളതായിരിക്കുന്നു. രുഗ്മി
ണി സുഭദ്രയുടെ താൽകാലികമായ പാരവശ്യം കൊണ്ടു അതിന്റെ
ഹേതു അറിഞ്ഞ ഉടനെ പണ്ടു് ശിശുപാലന്നു തന്നെ കൊടുക്കു
വാൻ ഉണ്ടായഭാവം അറിഞ്ഞു തനിക്കുണ്ടായ വ്യസനത്തെ ഓ
ൎത്തു ഉചിതമായിട്ടുണ്ടു്.

പിന്നെ രുഗ്മിണി.

സഖി വത്സെ:

ചിത്തത്തിലാൎത്തി ചെറുതെങ്കിലു മിച്ഛയെന്നാ
ലത്യന്തമീ പ്രകൃതികോമളമാം ശരീരം
അത്യുഗ്രമായ വെയിൽകൊണ്ടുടനേറവാടും
പുത്തൻമൃണാള സമമാവതിനില്ലസന്ധം

എന്നു ചോദിച്ചതിന്നു മറുപടിപറയുന്നതിന്നുമുമ്പിൽ സുഭദ്ര
യ്ക്കു ഉത്തരമാണു് കൊടുക്കേണ്ടതെന്നുള്ളതിനേപ്പറ്റി രുഗ്മിണീ

ദേവിയുടെ മുമ്പിൽവച്ച് സഖിമാരുമായി കുറേനേരം സ്വകാര്യമായിട്ടാലോചിക്കുവാൻ നിന്നതു മട്ടം ചേർച്ചയായിട്ടില്ല. അവിടത്തെ അവസ്ഥകൾ യഥാർത്ഥമായി അങ്ങിനെ യുണ്ടായിയെന്ന് വിശ്വസിക്കുവാൻ പ്രയാസമുണ്ട്. സുഭദ്രയുടെ ക്ഷീണഭാവത്തിന്റെ ഹേതുവിനെ കുറിച്ചാണ രുഗ്മിണീദേവി ചോദ്യം ചെയ്തത്. ഇതിന്റെ ഉത്തരം മററാരോടും ആലോചിക്കാതെ പറയുവാനുള്ളതായിരുന്നിട്ടും സുഭദ്ര ഇപ്രകാരം പറയുന്നു:—

എല്ലാമറിയാമവിടെ
ച്ചൊല്ലീടാനില്ല തെല്ലു മതുമൂലം ।
നല്ലതിനിസ്സുവരുത്താ
നല്ലോ ചൊല്ലാനെനിക്കുമോ തുനിയേണ്ടു ॥

അപ്പോഴും രുഗ്മിണി സ്വകാര്യമായിട്ട് ഏതാണ്ട് തന്റെ സഖിയായ ലീലാവതിയോടും, ലീലാവതി സ്വകാര്യമായിട്ട് ചിലതെല്ലാം രുഗ്മിണിയോടും, പറയുന്നു. രുഗ്മിണി ഉടനെ പ്രകാശമായി പറയുന്നതെന്തെന്നാൽ:—

ഖേദിക്കൊലാ മാധവിനിന്നഭീപ്സിതം
ബോധിക്കുകോ മൽപ്രിയനാശു നൽകിടും
മോദിക്കനിൻ സോദരനുള്ളനാമിനി
ക്കാധിക്കുകേളില്ലൊരു കാരണം ദൃഢം

രുഗ്മിണി അങ്ങിനെ പറഞ്ഞ തനിക്കു മനസ്സമാധാനത്തിനായിരിക്കുമോ എന്ന് സുഭദ്ര സ്വകാര്യമായി സഖിമാരോടു ചോദിക്കുന്നു. പിന്നെ വെയിൽ ആറിയതിനാൽ അവരെല്ലാവരും അവിടെനിന്ന പോകുകയും, സുഭദ്രയെ ദുര്യോധനനു കൊടുക്കുവാൻ നിശ്ചയാക്കിയെന്നു കേട്ട വർത്തമാനം അദ്ദേഹത്തിനോടു ഉണർത്തിപ്പാൻ ഉദ്ധിദശ്ശാൻ യാത്ര പുറപ്പെടുകയും, ചെയ്യുന്നതോടുകൂടെ ഒന്നാം അങ്കം അവസാനിക്കുന്നു.

൨ാം അങ്കത്തിന്റെ അവസാനഭാഗം സ്വകാര്യം പറയുന്ന രീതിയുടെ ആധിക്യം കൊണ്ടു കുറെ വിരൂപമായിരിക്കുന്നു. സഖിമാരും സുഭദ്രയും രുഗ്മിണിയും കൂടി നില്ക്കുന്ന സന്ധിയിൽ ഇത്ര അധികം കർണ്ണേവാദം സ്വാഭാവികമല്ല. തമ്മിൽ വളരെ സ്നേഹമാ

ശ്വാസവുമുള്ള ജനങ്ങൾ തമ്മിലുള്ള ഒരു സംഭാഷണത്തെ കാം, തങ്ങളുടെകക്ഷികളോടു സ്വകാൎയ്യമായിട്ടാലോചിച്ച് കോടതിയുടെ ചോദ്യങ്ങൾക്കുത്തരം പറയുന്ന വക്കീലന്മാരുടെയൊ, ചരക്കുകൾ മൊത്തമായി വില്ക്കുന്ന ചന്തകളിൽവെച്ച് ഉടമസ്ഥന്റെയും വാങ്ങുവാൻ വന്നവന്റെയും മദ്ധ്യസ്ഥനായി നിന്ന് ഇരുകക്ഷികളോടും സ്വകാൎയ്യം പറയുന്ന ദല്ലാൾ അല്ലെങ്കിൽ തരകകാരന്റെയൊ, പ്രവൃത്തിയാണു ഇവിടെ സ്മരിക്കപ്പെടുവാൻ ഇടവരുന്നത്.

സി. അന്തോപ്പായി.

---

# വിദ്യുച്ഛക്തി

## അതുകൊണ്ടുള്ള അത്ഭുതകരമായ പ്രയോഗങ്ങൾ.

:o:

ശാസ്ത്രസൂക്ഷ്മാന്വേഷികളായ ആധുനിക പണ്ഡിതന്മാർ വിദ്യുച്ഛക്തിയുടെ സൂക്ഷ്മതത്വഗ്രഹണത്തിനുവേണ്ടി വളരെ പ്രയത്നപ്പെട്ടിട്ടുണ്ടെങ്കിലും ഈ രഹസ്യമായ ശക്തിയുടെ പരമാൎത്ഥജ്ഞാനം ഇതേവരെ നമുക്കറിയത്തക്ക സ്ഥിതിയിലായിട്ടില്ല. ഇതിനെപ്പറ്റി നമുക്ക് കിട്ടിയേടത്തോളം അറിവ് അതിന്റെ ബഹുവിധമായ വ്യാപാരങ്ങളെ കുറിച്ച് മാത്രമാണ്. ഈ അറിവിനാൽ ഒന്ന് മുഖ്യമായി ഉപയോഗപ്പെടുത്താവുന്നതും, എളുപ്പത്തിൽ ഭരിക്കാവുന്നതും, ആയ ഒരു ശക്തിയാണെന്ന് കണ്ടിരിക്കുന്നതുകൊണ്ട് ഈ ശക്തി നാനാവിധ പരിശ്രമങ്ങൾക്കും ധാരാളമായി ഉപയോഗപ്പെടുത്തിവരുന്നു.

അടുത്ത കാലത്ത് ഈ ശക്തി സ്വല്പമായ അദ്ധ്വാനം കൊണ്ടു സുലഭമായി നിൎമ്മിക്കാറാവുമെന്നും, തന്നിമിത്തം ലോകത്തിൽ പലവിധമായ അഭ്യുദയങ്ങൾക്കിടയാകാമെന്നും, ഉള്ള സംഗതികൾ വിശ്വാസ യോഗ്യമാണ്. കമ്പിത്തപാൽ, ടെലിഫോൺ, മുതലായ യന്ത്രങ്ങൾ ആദ്യകാലത്ത് നമ്മുടെ രാജ്യങ്ങളിൽ നടപ്പായപ്പോൾ അവ നമുക്ക് എത്രത്തോളം അത്ഭുതകരമായി തോ

ന്നിയോ അത്രത്തോളം തന്നെ അത്ഭുതം തോന്നത്തക്കതായ അസംഖ്യം യന്ത്രങ്ങൾ മേലിലും കണ്ടുപിടിച്ച നടപ്പാക്കുവാനിരിക്കുന്നുള്ളതാണ്. വൈദ്യുത യന്ത്രങ്ങൾ ധാരാളമായി ഉപയോഗിക്കുവാനുള്ള ജ്ഞാനം യൌവ്വനാവസ്ഥയെ പ്രാപിച്ചിട്ടില്ലെങ്കിലും, മുൻപ്രസ്താവിച്ച കമ്പിത്തപാൽ, ടെലിഫോൺ മുതലായ പ്രധാന കാര്യങ്ങൾക്ക് ഉപയോഗപ്പെട്ടുത്തി വരുന്നതിന്നു പുറമെ ഒരു ശക്തി ചില്ലറയായ മററനേകാവശ്യങ്ങൾക്കും ഉപകരിക്കുന്നുണ്ട്. തീവണ്ടിയുടെ യന്ത്രം, ചക്രംകാട്ടുന്ന യന്ത്രം, ജലസൂത്രം, നൂലപിരിക്കുന്ന യന്ത്രം, അച്ചടിയന്ത്രം, ഇങ്ങിനെയുള്ള അസംഖ്യം യന്ത്രങ്ങൾക്ക നാനാവിധ ചലന ശക്തിയെ കൊടുക്കുന്നതിന് വിദ്യുച്ഛക്തി ആവിയുടെ സ്ഥാനത്തെ ധാരാളമായി വഹിക്കുന്നുണ്ട്. വിദ്യുച്ഛക്തിയുടെ നിർമ്മാണത്തിങ്കൽ ആവി ആദ്യം ആവശ്യമായി വരുന്നുണ്ടെങ്കിലും യന്ത്ര സമുദായങ്ങളുടെ ഉദ്ദിഷ്ടകാര്യസാദ്ധ്യങ്ങൾ ഈ ശക്തികൊണ്ടു നിർവ്വഹിച്ചുവരുന്നുണ്ട്.

വിദ്യുച്ഛക്തിഉപയോഗപ്പെട്ടുത്തി വരുന്നതും, ഉപയോഗിപ്പാൻ വിരോധമില്ലെന്ന് പരീക്ഷാമൂലം കണ്ടറിഞ്ഞിട്ടുണ്ടെങ്കിലും വാസ്തവത്തിൽ ഉപയോഗിച്ചു തുടങ്ങീട്ടില്ലാത്തതും, ആയ അനേക കാര്യങ്ങളെ പററി ഇവിടെ വിസ്താരമായി പ്രസ്താവിപ്പാൻ സാദ്ധ്യമല്ലെന്ന് വരികിലും, രസപ്രദങ്ങളായ ചില കാര്യങ്ങളേമാത്രം താഴെ ചേക്കുന്നു.

ഗൃഹകാര്യങ്ങൾക്ക് ഒരു ശക്തി ഉപയോഗിക്കാവുന്നതാണെന്ന് കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും വെളിച്ചത്തിന്ന മാത്രം ഉപയോഗിക്കുന്നതല്ലാതെ ഇപ്പോൾ മററാവശ്യങ്ങൾക്ക് അതിനെ ഉപയോഗിച്ചു തുടങ്ങിട്ടില്ല. ഒരു ശക്തിയുടെ ചൂട് ഗൃഹങ്ങളിൽ ധാരാളം ഉപയോഗപ്പെട്ടുത്താറാകുമ്പോൾ എന്തെല്ലാം അത്ഭുതകരങ്ങളായ ഭേദഗതികൾ തൽകാരണം ഉണ്ടാവാമെന്ന് അനുഭവ സിദ്ധമല്ലെങ്കിലും, പരീക്ഷിച്ച് അറിഞ്ഞിട്ടുണ്ട്. തീയ്യിനുപകരം ഒരു ശക്തി ഉപയോഗിക്കാമെന്ന പ്രത്യേകിച്ച പറയേണ്ടതില്ലല്ലൊ. വിദ്യുച്ഛക്തിയായ അതിന്ന തക്കതായ ഒരു അടുപ്പിൽ കൂടി പ്രയോഗിച്ചാൽ തീ ചെയ്യുന്നതായ സകല കാര്യങ്ങളെയും അത് ചെയ്യുമെ

തന്നെയല്ല തീകത്തിക്കുമ്പോളുണ്ടാകുന്ന പുക, പൊടി, മുതലായ ഉപദ്രവങ്ങളും ഉണ്ടാവുകയും ഇല്ല. പദാൎത്ഥങ്ങളും പാകം ചെയ്യാൻ എളുപ്പമായ പല സൂത്രങ്ങളും കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും, അവ പൊതുജനങ്ങൾക്കു സുലഭമായി ഉപയോഗിക്കത്തക്കവണ്ണം ആയിട്ടില്ലാത്തതുകൊണ്ടാണ് അവയ്ക്കു പ്രചാരം വരാത്തത്. അവയ്കളിൽ ഒന്ന് ഇപ്രകാരമാകുന്നു: പാകപാത്രങ്ങളോട് കൂടി വിദ്യുച്ഛക്തിയെ പ്രവേശിപ്പിക്കുന്നതായ ഓരോ കമ്പികളും പിടിപ്പിച്ചാൽ അടുപ്പുകളുടെ ആവശ്യം അവ നിവൃത്തിക്കുന്നതാണ്. എങ്ങിനെയെന്നാൽ, ഒരു പാത്രങ്ങളെല്ലാം നിരത്തി തൊട്ടുവച്ച് വെച്ച് വിദ്യുച്ഛക്തി ജനകമായ യന്ത്രത്തോട (Battery) ചേൎപ്പിച്ചാൽ ആവശ്യമുള്ള പദാൎത്ഥങ്ങളെ എളുപ്പത്തിൽ ഇഷ്ടംപോലെ പാകം ചെയ്യാവുന്നതാണ്. എന്നാൽ ഒരു ഉപായമാണും പ്രചാരമായാൽ മടിയന്മാൎക്ക് കുശാൽ തന്നെ. എന്തെന്നാൽ, ഒരു കൂട്ടർ പിറ്റേദിവസത്തെക്കുള്ള ഭക്ഷ്യപേയങ്ങളും തെയ്യാറാക്കുന്നതിന് തലേദിവസം തന്നെ സാധനങ്ങളും ശേഖരിച്ച് അതാത പാത്രങ്ങളിൽ ആക്കുകയും, രാവിലെ കിടന്ന കിടപ്പിൽ തന്നെ വൈദ്യുതയന്ത്രത്തെ തിരിക്കുകയും ചെയ്യുന്നതിനാൽ സാധനങ്ങൾക്ക വേണ്ടുന്ന പാകം അനായാസേന ക്ഷണത്തിൽ വരുത്താവുന്നതാണ്. ന്യൂയാൎക്ക് പട്ടണത്തിൽ ഒരു സ്ത്രീ ഇപ്രകാരം ചെയ്തുവന്നതായി കേട്ടിട്ടുണ്ട്.

അത്യുഷ്ണത്തെ ഉണ്ടാക്കുന്നതായ ഒരു വിദ്യുച്ഛക്തി ഇരുമ്പ വലിക്കുന്നതിന്നും, കാച്ചുന്നതിന്നും മററും വളരെ ഉപയോഗമായിരുന്നുണ്ട്. ഉടുപ്പുകളും ഇസ്ത്രിക്ക് ഇടുന്നതിന്ന വണ്ണാന്മാൎക്ക് ഒരു ശക്തി വളരെ സഹായമായി തീരുന്നു. വേലയ്ക്കാവശ്യമുള്ള ചൂട വളരെ നേരത്തേക്ക ഒരുപോലെ നില്ക്കുന്നതുകൊണ്ട് സമയവും, പണച്ചിലവും, ചുരുക്കുവാൻ അവൎക്ക് സാധിക്കുന്നു.

ഇടത്തരം ചെറിയ യന്ത്രങ്ങൾ കൊണ്ട് ആഭരണാദി അലങ്കാരങ്ങൾക്ക് മനോഹരമായ കാന്തിയെകൊടുപ്പാൻ വിദ്യുച്ഛക്തിയെ ഉപയോഗിക്കുന്നുണ്ട്.

വിദ്യുച്ഛക്തി വൈദ്യശാസ്ത്രത്തിന് പലവിധത്തിലും ഉപകാരമുള്ളതാകുന്നു. ശസ്ത്രപ്രയോഗങ്ങൾക്കുള്ള അനേകം ആയുധ

ങ്ങൾ കാന്തശക്തികൊണ്ടു ചുട്ടുപിടിപ്പിക്കുന്നുണ്ട്. വൈദ്യുത പ്രകാശത്തെ ഉണ്ടാക്കുന്നതായ ഒരുമാതിരി ചെറിയതരം യന്ത്രങ്ങൾ കൊണ്ട് മനുഷ്യരുടെ അന്തർഭാഗങ്ങളുടെ സൂക്ഷ്മസ്ഥിതി ഇന്നപ്രകാരമെന്ന്, അത്ഭുതപ്രകാരേണ അറിയുന്നതിലധികം, അറിഞ്ഞുവരുന്നുണ്ട്. മൈക്രൊഫൊൺ (microphone) എന്നയന്ത്രം കൊണ്ട് ശരീരത്തിന്റെ അകത്തുള്ള ഹൃദയം മുതലായ കോഷ്ഠങ്ങളുടെ അതിസൂക്ഷ്മമായ ശബ്ദങ്ങളെ അറിയുന്നു. ഈ വക ശബ്ദങ്ങൾ മുൻ ഉപയോഗിച്ചു വന്നിട്ടുള്ള യാതൊരു യന്ത്രങ്ങൾക്കും ഗോചരമല്ല. റുഷ്യാ രാജ്യത്ത് തീരെ മരിച്ചുപോയി എന്ന് കരുതി ബന്ധുക്കൾ സംസ്കാരം ചെയ്വാൻ ഒരുക്കിട്ടുള്ള ഒരു സ്ത്രീയുടെ ശരീരം ഈ യന്ത്രംവെച്ച് ഒരു വൈദ്യൻ പരിശോധിച്ചപ്പോൾ ഹൃദയത്തിന്ന ന്യയന്ത്രങ്ങളാൽ ഒരിസ്വല്പം കണ്ടുപിടിപ്പാൻ സാദ്ധ്യമല്ലാത്തതായ ഒരു അതിലഘുവായ അടിയുണ്ടെന്നുകണ്ട സംസ്കാരം നിർത്തിവച്ചിച്ച് ചികിത്സിച്ചതിൽ ആ സ്ത്രീ രക്ഷപെട്ടതായി കേട്ടിട്ടുണ്ട്. കാന്തശക്തി വൈദ്യത്തിന്നുപയുക്തമായി വിശ്വസിച്ചു വന്നിരുന്നത് അസംബന്ധമാണെന്ന് പണ്ഡിതന്മാരുടെ സൂക്ഷ്മദർശനം കൊണ്ടു കണ്ടിരിക്കുന്നു എങ്കിലും, വിദ്യുച്ഛക്തിയുടെ ഫലം പലപ്രകാരത്തിലും രോഗഹരമായി കണ്ടിരിക്കുന്നു. വൈദ്യവിഷയത്തിൽ ഈ ശക്തികൊണ്ടുള്ള മറ്റൊരു പ്രയോജനം, രോഗിയെ മോഹാലസ്യപ്പെടുത്തുന്നതിനുള്ള തൽപ്രയോഗമാകുന്നു. എന്നു മാത്രമല്ല, ശസ്ത്രക്രിയകൾ ഇതിന്റെ സഹായം കൊണ്ടു, രോഗിക്ക് യാതൊരു വേദനയും കൂടാതെ, നടത്തുന്നതിനാൽ അത്യാസന്നമായ ദീനങ്ങളിൽ നിന്നുള്ള മോചനത്തിന്നും അത് കാരണമായിത്തീരുന്നു.

പാരീസ്സ് പട്ടണത്തിലെ ചാർക്കോട്ട് (Dr. Charcot) എന്ന ഒരു ഡാക്ടർ, പക്ഷവാത രോഗികൾക്ക് വിദ്യുച്ഛക്തി കൊണ്ട് ഗതിവേഗത്തിൽ ചലനം കൊടുക്കുന്നതായ ഒരുതരം കട്ടിൽ ഉണ്ടാക്കി അവരെ അതിൽ കിടത്തിയാൽ ആ രോഗികൾക്ക് തോന്നുന്നതായ അസഹ്യത ദീനങ്ങൾക്ക് ഉണ്ടാകയില്ലെന്ന തന്നെയല്ല അത് അവർക്ക് വളരെ ആശ്വാസത്തെത്തന്നെ കൊടുക്കുന്നതാ

ണ്, എന്ന് പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ഒരു യന്ത്രം കണ്ടുപിടിപ്പാൻ അദ്ദേഹത്തിന്നതോന്നിയത്, ഒരു പക്ഷവാതരൊഗി ഒരു തീവണ്ടിയാത്രയിൽ സുഖമുണ്ടെന്ന് പ്രസ്താവിക്കയാലാണത്രെ.

വിദ്ധ്യുച്ഛക്തി കൊണ്ട് ചെടികളുടെ വളൎച്ചക്കും മററും ഉണ്ടാകുന്ന അത്ഭുതകരമായ ഗുണങ്ങളെപ്പററി ഇനികുറഞൊന്ന് പ്രസ്താവിക്കാം:—

കമ്പികാംകൊണ്ടു ബന്ധിച്ചിട്ടുള്ളതും, വിദ്ധ്യുച്ഛക്തിയെ പ്രവെശിപ്പിച്ചിട്ടുള്ളതും ആയ തൂണുകാം കൊണ്ട് ഒരു പ്രത്യേക മാതിരി വളച്ചു കെട്ടിട്ടുള്ള സ്ഥലത്ത് ധാന്യം വിളയിച്ചാൽ ഇരട്ടിവിളവ് ഉണ്ടാവുമെന്നു മാത്രമല്ല നാലിരട്ടിച്ച് വൎദ്ധിക്കുന്ന ധനവും ഉണ്ടാവുന്നതാണെന്ന കിവ് (kiev) പട്ടണത്തിലെ പ്രൊഫസ്സർ സ്പെക്നെഫ് (Prof: Specheneff) എന്നമഹാൻ കണ്ടുപിടിച്ചിരിക്കുന്നു. സൂൎയ്യപ്രകാശം വൃക്ഷാദികളുടെ വളൎച്ചക്ക് എത്രയോ ആവശ്യമായിട്ടുള്ളതാണെന്നുള്ളതും, ഒരു വളൎച്ച മുഖ്യമായി പകൽ സമയത്താണെന്നുള്ളതും, പറയെണ്ടതില്ലല്ലൊ. സൂൎയ്യപ്രകാശത്തിനു പകരം രാത്രിയിൽ സസ്യാദികാംക്കു വൈദ്യുത പ്രകാശം കൊടുക്കുന്നതുകൊണ്ടു അവയുടെ വളൎച്ച എല്ലാസമയത്തും ഒരു പോലെ ആയിരിക്കുന്നതും, തന്മൂലം ഫലങ്ങാംക്ക് വൎദ്ധന ഉണ്ടാവുന്നതും, ആണ്. വിത്തുകാം പാവുന്നതിന്നു മുമ്പ രണ്ടുമിനിട്ടുനേരം അവയിൽ വിദ്ധ്യുച്ഛക്തിയെ പ്രവെശിപ്പിച്ചാൽ അവയുടെ വളൎച്ച ഇരട്ടിക്കുന്നതാണെന്നും, പാവുന്ന ഭൂമിയിൽ ഒരു ശക്തിവ്യാപിച്ചാൽ കിഴങ്ങുകാംക്ക് നാലിരട്ടിവളൎച്ചയും, ഇലകാംക്ക് രണ്ടുമൂന്നിരട്ടിവൎദ്ധിപ്പവും, ഉണ്ടാവുന്നതാണെന്നും, ആമഹാൻതന്നെ പ്രസ്താവിക്കുന്നു.

രാത്രിസമയം വഞ്ചിയിൽ കൂടി യാത്രചെയ്തിട്ടുള്ളവൎക്ക് വഞ്ചിയിലുള്ള വെളിച്ചം കൊണ്ട് മത്സ്യങ്ങാം അതിന്നകത്തു ചാടിവീഴുന്നതു കണ്ടറിവാൻ സംഗതിയായിട്ടുണ്ടായിരിക്കാം. ഒരു സൂത്രം യൂറോപ്പു രാജ്യത്തെമുക്കുവന്മാർ അറിയുന്നതുകൊണ്ടു സാധാരണവെളിച്ചത്തിന്നുപകരം അവർ വൈദ്യുതപ്രകാശമുപയോഗിക്കുകയും, പ്രകാശംകൊണ്ടു അസംഖ്യം മത്സ്യങ്ങാം ആസ്ഥലത്ത് ഒന്നിച്ചുകൂ

ളുകളാൽ മരുമയ പ്ലാസ്റ്റർ പാരീസ് എന്നതിൽ പിടിക്കുകയും, ചെയ്യുവരുന്നു.

കൊത്തുവേല, ചായപ്പണി, ലോഹങ്ങളെശ്ശുദ്ധിചെയ്യുക, ഈ തൊഴിലുകൾക്ക് വിദ്യുച്ഛക്തിയെ വളരെ ഉപയോഗിക്കുന്നു. അലൂമിനിയം (Aluminium) എന്ന ലോഹം ഇത്രസഹായത്തിൽ കിട്ടാറായത് ഈ ശക്തിയുടെ സഹായം കൊണ്ടാണ്.

(ചന്ദ്രോദയം)

# കൊച്ചി തീവണ്ടി.

———:o:———

മന്ദന്മാരുടെ ബുദ്ധിപോലിളകിടും തണ്ടുതടുക്കും കഴ
ങ്ങുന്നോരു മുളകൊട്ടുവണ്ടി ചെളുമാറി പ്പോന്നാടിക്കൊക്കും
വാന്ത്യോദയേർവഴിയേ മനീഷിമതിപോലൊട്ടുന്ന തീവണ്ടിപോ
കുന്നു ദൂരമെട്ടു തൂപുകസുവിരഹം വേറെറ്റു പാരിൽ പരം. ൧

കത്തില്ലാ കതിരില്ല കിഞ്ചനാ ചവിട്ടില്ലാ ചക്രങ്ങളി
ലുന്നുല്ലാസമൊടായിരത്തിലധികം മർത്ത്യരുവർത്തിച്ചിടാം
എന്തൊന്നുമോർമ്മയോടു യാത്രയിതഹോ മാന്ധാതൃയാനാഭിധ
മത്തല്ലന്നുമായുന്നതല്ലതിനെന്നും വേശം മഹാഗാരുഡം. ൨

പേടിസ്സില്ലാത്ത കാരണം ചുഴിയൊഴുക്കോളം കഴക്കോൽനില
ക്കേടൽക്രൂരതിമിംഗലം പ്രതിമതത്തെന്നേവ മൊന്നിന്നും
മോടിയ്ക്കേറിവസിച്ചിടാം തീരിതമുദ്ദേശിച്ച ദേശങ്ങളിൽ
ചാടിക്കും വസുധാവിമാനവരമീതീവണ്ടിയീ വല്ലഭം. ൩

ചീറിപ്പാഞ്ഞു പുകഞ്ഞു തീപ്പൊരി ചൊരിഞ്ഞുംകൊണ്ടു പാളത്തിൽ വ
ന്നേറിക്കിട്ടിയ ഭൂരിപുണ്യജനവൃന്ദത്തെ ഗ്രഹിച്ചുവാഹം
മാറാതെ പരമായിട്ടും പഥമതിൽ ചേർക്കുന്നതീവണ്ടിയും
ാരാമപ്രാണനിരയും ചിന്തിസ്സിലെന്താന്തരം. ൪

മാടക്ഷ്മാപതി ശക്തിയാണിതധുനാതീവണ്ടിയെന്നോധരി
ച്ചിട്ടുന്നൂപരമാശ്ചര്യരേയുമഗതിക്കൂട്ടങ്ങളേശ്ശം സമം
കോടലാത ഭരിയ്ക്കുവാനമചലത്തിൽ ച്ചെന്നചാടാതകാ
ണ്ടീടാൻതന്നെ പരശ്ശതിചോലെവതമോമറെറാന്നതെറെറന്നിയെ. ൫

കൊച്ചിപ്പാവകയാന ബാഷ്പകനിനിപ്രായം തികഞ്ഞാൽ കലാ
ശിച്ചീടാത്തജവേനാപായുമുലകിരേഴ്ഗം ദിനാദ്ധത്തിനാൽ
കൊച്ചിൽത്തസമസംഖ്യമാത്രയിലാപ്പീസ്സാങ്ക ലംഘിച്ചശീ
ലിച്ചിട്ടുന്നതിനന്യഥാസുലഭ മല്ലതാനമൊത്താലഹോ. ൬

കാട്ടുന്നു കൊഴവ്വുതിടുന്ന വലുതായുമ്മേളാരു ഘോഷം പുറ
പ്പെട്ടുന്നൂനമലച്ചിടുന്ന ഹരിതാം വൃന്ദത്തിലിന്നെത്രയും
പൊട്ടുന്നുവിനതാസുതന്റെ ഹൃദയം പാതത്തിനോ മാലിപാൻ
കിട്ടുന്നൂളറി മാടരാജശകടീയാനപ്രയാണോത്സവേ. ൭

മാടക്ഷ്മാവലത്തിൽ കൃപാലഹരിയും തദ്രാജ്യ ലക്ഷ്മീപസൽ
ക്രീഡാചാതുരിയും പ്രജാപടകടലായാസ വിശ്രാന്തിയും
കേടറെറാരു ധരാചിത്രതിവളവും കേവല്യമ്പെഗ്ദ്രവും
കുടിപ്പാനം ചിറന്നയാനപടലീ രാജാവ്യജേജിയതേ. ൮

റെവുങ്കര നിലകണ്ഠൻ നമ്പൂരി.

---

# അതിഭക്ഷണം

——:o:——

മഹാന്മാരായ മിക്ക മതസ്ഥാപകന്മാരും തങ്ങളുടെ അനു ഗാമികൾക്ക് ചില ഉപവാസങ്ങൾ നിശ്ചയിക്കുന്നത് . ഗുണകാര മായിരിക്കുമെന്ന അഭിപ്രായപ്പെട്ടിട്ടുള്ളതായി നാം കാണുന്നുണ്ട ല്ലോ. ഇതിന്നുള്ള കാരണം, ഉപവാസം ഒരുവന്റ് രാറെർറ കാമക്രോ ധാദിഷൾക്കങ്ങളെ ജയിപ്പാനുതകുന്ന താണെന്ന മാത്രമല്ല. പ്രാ യേണ മനുഷ്യർ അമിത ഭക്ഷണത്തിൽ അഭിരുചിയുള്ളവരായി കാണപ്പെടുന്നതുകൊണ്ടു മാണെന്ന് ഒരു നമ്മൻ ഗ്രന്ഥകൎത്താവ് പറഞ്ഞിരിക്കുന്നു. ഭക്ഷ്യങ്ങൾ കൊണ്ട് വല്ലാതെ വയറ നിറയ്ക്കുന്ന തിനാലുള്ള ദൊഷം മദ്യപാനാദികൾ അമിതമായി കഴിക്കുന്നതി

നെക്കാൾ കുറവല്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഇതുതപ്പുള്ള ഭക്ഷണസാധനമാണെന്ന് വെച്ച് പതിവായി അധികം ചിലതുണ്ണുന്നത് രോഗകാരണമാണെന്നുള്ളത് നിർവ്വിവാദമാണ്. മാംസാഹാരം, ശരീരപോഷണത്തിനു വേണ്ടി ചെയ്യുന്ന കർമ്മമാണെങ്കിലും, അമിതമായാൽ, വിപരീതഫലത്തെ ഉണ്ടാക്കിതീർക്കുന്നു. മാംസത്തിൽ ദേഹപുഷ്ടിക്കാവശ്യമായുള്ള ആൽബ്യൂമൻ (Albumen) എന്ന പദാർത്ഥം അധികം അടങ്ങിട്ടുള്ളതാകകൊണ്ട്, കണക്കില്ലാതെ ഭക്ഷിക്കുന്നതായാൽ അതിനേ വേണ്ടും വണ്ണം ദീപനം വരുത്തി ശരീരപോഷണത്തിനുപകരിക്കത്തക്കവണ്ണം ആക്കി തീർപ്പാൻ ജഠരാഗ്നിക്ക് അധികം അദ്ധ്വാനം വേണ്ടിവരുന്നതാണ്.

ഇനി വിശപ്പിനേ പററിയാണ് കുറച്ചൊന്ന് പറയുവാൻ പോകുന്നത്. ഒരുവന്ന വിശപ്പിൻെറ ലാഞ്ഛന ഉണ്ടെന്നു തോന്നുമ്പോൾ തത്സമയം തന്നെ അതിനെ ശമിപ്പിക്കേണ്ടതാണെന്ന് മിക്കജനങ്ങളും വിശ്വസിച്ചുവരുന്നു. ഇത് ഒരു വലിയ തെററാണ്. ഇതിന്നും പുറമെ, ഒരുവന്ന് പരിപൂർത്തിയാകുന്നതുവരെ ഭക്ഷിക്കണമെന്നു വിചാരിക്കുന്നതിൽ പരം തെററായിട്ടു വേറെ ഒന്നുമില്ല. ഈ രണ്ടു മൂഢവിശ്വാസങ്ങൾ കൊണ്ട് ദേഹം കണക്കില്ലാതെ ചുളിച്ചു വശാവുകയും, തന്നിമിത്തം ദേഹത്തിൻെറ അവയവങ്ങളുടെ അന്യായമായുള്ള പെരുമാററത്തിന്ന് തടസ്ഥം വരുകയും ചെയ്യുന്നു. എല്ലാശരീരങ്ങൾക്കും അതാത് ദേഹപ്രകൃതിയെ അനുസരിച്ച് ഇത്ര കുറമെ പാട്ടുള്ളു എന്നുണ്ട്. ൦൦ കാനത്തെ അടിസ്ഥാനമാക്കിയാണ് ശരീരത്തിലെ ഹൃദയം തൂക്കിയുള്ള മൂല്യാവയവങ്ങളെ സ്ഥാപിച്ചിട്ടുള്ളത്. ൧൫൦ റാത്തൽ തൂക്കമുള്ള ഒരു ശരീരത്തിന്ന് ചേരേണ്ടതായ ഹൃദയത്തെ കൊണ്ട് ൨൦൦ റാത്തൽ തൂക്കമുള്ള ഒരു ശരീരത്തിൻെറ ആവശ്യകങ്ങളെ നിർവ്വഹിക്കണമെന്നു വെച്ചാൽ അതു അസാദ്ധ്യമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. അത് എന്തുപോലെ എന്നാൽ, ഒരു നിശ്ചിതഭാരം വഹിക്കുവാൻ തക്ക ശക്തിയോടുകൂടി പണിചെയ്യപ്പെട്ടിട്ടുള്ള യന്ത്രം അതിൽ കൂടുതലായ ഭാരം വഹിപ്പാൻ ഉപയോഗപ്പെടുത്തണമെന്നു വെച്ചാൽ കഴിയുന്നതാണൊ? ഹൃദയത്തിൻെറ ചുററും വന്നുകൂടുന്ന മേദസ്സുകൊണ്ട് അതിൻെറയും, മററവയവങ്ങളുടെയും

ദ്രോഗതക്ക് വിഘ്നംവരുന്നു. അതിപോഷണം മനസ്സ്ഥിതിയെയും ബാധിക്കുന്നതാണ്. പിത്തകോപം, രക്തവാതം എന്നീ ദീനങ്ങൾ അതിപോഷണത്താലാണ് ഉണ്ടാകുന്നത്. "ഒരുവൻ ഒരു ദിവസത്തിൽ രണ്ടണ കൊണ്ട് ഉപജീവനം കഴിക്കുകയും, ആ രണ്ടണ അവനവൻ വേലചെയ്തു സമ്പാദിക്കുകയും, ചെയ്യുന്നതാണ് ആരോഗ്യത്തിന്റെ രഹസ്യം" എന്ന് ഒരു വെള്ളക്കാരൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതിൽ ആരോഗ്യരക്ഷാമാർഗ്ഗത്തെ സംബന്ധിച്ചുള്ള സകലവും അടങ്ങിയിരിക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ.

(ഫാമിലിഹെരാൾഡ്)

---

## ഹാസം.

ചിരി (ഹാസം) എന്നത് പരമേശ്വരൻ മനുഷ്യജാതിക്ക് പ്രത്യേകമായിതന്നിട്ടുള്ള ഒരു വിശിഷ്ടഗുണമാകുന്നു. നിത്യകാലക്ഷേപമാകുന്ന രുചിയില്ലാത്ത ഭക്ഷണത്തിന്ന് ഒരു ഉപ്പിലിട്ടതായി ചേർക്കാൻ സ്രഷ്ടാവ് നമുക്ക് അതിനെ തന്നിട്ടുള്ളതാകുന്നു. ബുദ്ധിക്ഷയം, ദുഃഖം, മുതലായ അന്ധകാരത്തിന്ന് അതൊരു സൂര്യരശ്മിയാകുന്നു. ലോകത്തിലുള്ള എല്ലാ പദാർത്ഥങ്ങളുടെയും, മനസ്സുല്യത്തെ ഉണ്ടാക്കുന്ന ഭാഗത്തെ തള്ളിക്കളഞ്ഞ്, വിനോദകരമായ അംശത്തെ മാത്രം എടുക്കുന്നതായാൽ കാലക്ഷേപമാകുന്ന ഭാരത്തിന്ന് വളരെ കുറവുണ്ടാകുന്നതാണ്. നിഷ്കപടമായും, നിരുപദ്രവമായും, ഉല്ലാദത്തെ ഉണ്ടാക്കുവാനുള്ള ഗുണം ആർക്കുണ്ടോ അവനാണ് പരമാർത്ഥമായി സ്വജാതിക്ക് ഉപകാരത്തെ ചെയ്യുന്നവൻ. എന്നാൽ ഈ വിശിഷ്ടഗുണം നമുക്ക് പരമേശ്വരനാൽ ദത്തമാണെങ്കിലും നാം അതിനെ പലപ്പോഴും വളരെ ആഭാസമായി ഉപയോഗിക്കാറുണ്ട്. അതിനാൽ അത് നമുക്ക് പരമേശ്വരാനുഗ്രഹമാകുന്നതിന്ന പകരം ഒരു ശാപമായി കലാശിച്ചിരിക്കുന്നു. ഹാസത്തെ 'പരി' എന്ന ഉപസർഗ്ഗത്തോടുകൂടിചേർത്ത് പരിശുദ്ധമായ വസ്തുക്കളുടെ നേരെയോ, വിശിഷ്ടന്മാരായവരുടെ നേരേയോ, ഉപയോഗിക്കുന്നുവെങ്കിൽ, അല്ലെങ്കിൽ, മഹത്തായും ബഹുമാനാർഹമായുമുള്ളതിനെ നിസ്സാരമാക്കുന്നതിന്നായി പ്രയോഗിക്കുന്നുവെങ്കിൽ, അത് നമുക്ക് നമ്മുടെ ജീവകാലത്തിൽ അമൃതമാകുന്നതിന്ന പകരം വിഷമായിഭവിക്കുന്നതാണ്.

# ഒരു ദുർമ്മരണം.

—:o:—

ന്നിരിക്കണമെന്നും സ്റ്റേഷൻ ആപ്സർ ആലോചിച്ചു. ഈ കഴിവുള്ള സ്ഥലത്തുനിന്ന അടുക്കളയും മതിലും കൂടിചേൎന്നിരുന്ന മൂലവരെ അങ്ങോട്ടും ഇങ്ങോട്ടും നടന്ന പാടുകൾ കാണ്മാനുണ്ട്. എന്നാൽ തലേദിവസം രാത്രിയുണ്ടായ മഴ കൊണ്ട അവയുടെ തെളിവ കുറഞ്ഞിരിക്കുന്നു. മതിലിനോട അടുത്ത അടുക്കളയുടെ നിരയിന്മേൽ ചുകന്ന മണ്ണു ചുരണ്ടിട്ടുള്ള വിരലുകൾ പതിഞ്ഞിട്ടു . ദാസ്സരമേനോൻ നിരയിന്മേൽ ചവിട്ടിനിന്ന മറുഭാഗത്തേക്കു എത്തിച്ചു നോക്കിയപ്പോൾ അവിടെയെല്ലാം ഉറച്ച കൽപ്രദേശമായിരുന്നതുകൊണ്ട അവിടെനിന്നും കാലടികളുടെ പോക്ക് എങ്ങോട്ടായിരുന്നുവെന്നറിവാൻ കഴിഞ്ഞില്ല. എന്നാൽ നേരെ ചുവട്ടിൽ ഒരു കവിളൻ മടൽ മതിലിന്മേൽ ചാരിവെച്ചിരിക്കുന്നത കണ്ടു.

ഇത്രയും നോക്കിക്കണ്ടതിന്റെ ശേഷം സ്റ്റേഷനാപ്സർ തിരിയെ പോന്നു. മേശപ്പുറത്തിരിക്കുന്ന കിണ്ടിയിൽ പതിവുപോലെ തലേദിവസം രാത്രിയിലും ചുക്കുവെള്ളം അടച്ചു വച്ചിട്ടുണ്ടായിരുന്നുവെന്നും, പുറത്തേക്കുള്ള സകല വാതിലുകളും അടച്ചു സാക്ഷയിട്ടിരുന്നുവെന്നും, അൎദ്ധരാത്രിക്കു താൻ അകത്തുകടന്ന നോക്കിയപ്പോൾ വിളക്കു കെട്ടിരുന്നുവെന്നും, മററുചില സംഗതികളും കുഞ്ഞിരാമൻ നായർ സ്റ്റേഷനാപ്സരുടെ ആവിശ്യപ്രകാരം അദ്ദേഹത്തിനെ മനസ്സിലാക്കി. മരുന്നും കിണ്ടിയും കസ്റ്റഡിപ്പെടുത്തുവാൻ ചേരിപ്പറമ്പിൽ നിന്നും ആരെങ്കിലും വന്നതിന്റെ ശിഷ്ടം മതിയെന്ന സ്റ്റേഷനാപ്സർ തീൎച്ചയാക്കി.

ഇനി ശവത്തിന്റെ ഉടമസ്ഥൻ വരുന്നതുവരെ കാത്തുനിന്ന പിന്നീട്ട വേണ്ടുന്ന നടവടികൾ നടത്തുവാൻ സ്റ്റേഷനാപ്സരെ ഭാരം ഏല്പിച്ച് നമ്മൾ ചുളിങ്ങോട്ട രംഗങ്ങളാവുവിട്ട മററൊരു രംഗപ്രവേശിക്കേണ്ടിയിരിക്കുന്നു.

ആറാമദ്ധ്യായം.

ചിത്രേനിവേശ്യ പരികല്പിത സത്വയോഗാ
രൂപോച്ചയേന വിധിനാ മനസാ കൃതാനു

സ്ത്രീണാംദൃഷ്ടിശ്ചേരാ പ്രതിഭാതി സാകേ
ധാതുർവ്വിളതേ മനശ്ചിന്ത്യ വചൂതചതസ്യാഃ ।

ശാകുന്തളം.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾ നടന്നതി
ന്റെ രണ്ടാം ദിവസം വൈകുന്നേരം സർവ്വാനന്ദ ജനകമായ സ
ന്ധ്യാരാഗം പശ്ചിമസമുദ്രത്തിന്റെ അപൂർണ്ണ രശ്മികളോടു കൂടിച്ചേർന്നു
ളിയാടിക്കൊണ്ടിരിക്കുമ്പോൾ ചെരിപ്പറമ്പിന്റേയും ചരിവട്ടത്തി
ന്റേയും മദ്ധ്യത്തിലുള്ള ശിവക്ഷേത്രത്തിൽ നിന്ന് സുമാറ നാലു
വിളിപ്പാട വടക്കു ഒരു കാട്ടിൽ കൂടി നിരന്തരമായി ഒഴുകിക്കൊണ്ടിരി
ക്കുന്ന പെരുവല്ല നദിയുടെ വക്കത്ത ഏകദേശം പതിനഞ്ചുവ
യസ്സ പ്രായംചെന്ന ഒരു യുവതി കയ്യിന്റെ മുട്ടുകൾ രണ്ടും തുടക
ളിൽ ഊന്നിയുംകവിൾത്തടങ്ങളെ കൈത്തലങ്ങളെകൊണ്ട് താങ്ങി
യും പ്രവാഹത്തെ നോക്കിക്കൊണ്ടു ചിന്താമഗ്നയായിട്ടിരുന്നിരുന്നു.
ആരേയോ കാത്തിരിക്കുന്ന പോലെ ഇടക്കിടെ തലപൊക്കി ഇരു
ഭാഗത്തേക്കും തിരിഞ്ഞ ജിതേന്ദ്രിയന്മാരായ യോഗികളെക്കൂടി വ
ശീകരിക്കുവാൻ സാമർത്ഥ്യമുള്ള ദൃഷ്ടികളെ വൃക്ഷങ്ങളുടെ പഴുതുക
ളിൽ കൂടി പായിക്കുന്നതും ഉണ്ടായിരുന്നു. ഇങ്ങിനെ അല്പനേരം
കഴിഞ്ഞപ്പോൾ സന്ധ്യാരാഗം തീരെ മങ്ങി; വൃക്ഷങ്ങളുടെ നിഴ
ലുകൾ വർദ്ധിച്ചുതുടങ്ങി; യുവതിയുടെ ദൃഷ്ടികളോടുള്ള സ്പർദ്ധകൊ
ണ്ടോ എന്നു തോന്നുമാറ ബാലചന്ദ്രന്റെ മന്ദരശ്മികളും അങ്ങുമി
ങ്ങും വൃക്ഷങ്ങളുടെ ഏടകളിൽ കൂടി കടന്നു കരയിലും വെള്ളത്തി
ലും വിളങ്ങിത്തുടങ്ങി. മനസ്സിന്റെ അസ്വാസ്ഥ്യത്തെ പ്രകാശി
പ്പിക്കുന്നതായ ഒരു ദീർഘനിശ്വാസത്തോടുകൂടി യുവതീരത്നം പാറ
പ്പുറത്തെ ഉപേക്ഷിച്ചു, വാർദ്ധക്യാതിരേകത്താൽ ഏറക്കുറയെ ന
ഗ്നങ്ങളായ കൊമ്പുകളുടേയും അതുകളിൽ അവിടെയവിടെയായി
നില്ക്കുന്ന ഇലകളുടേയും നിഴലുകളും വെൺനിലാവും കൂടി അതി
മനോഹരമാകുംവണ്ണം ഇടകലർന്ന യോജിച്ചിട്ടുള്ളതിനാൽ ചിത്രീ
കൃതമായിരിക്കുന്ന ഒരു പേരാൽ ചുവട്ടിനെ ആശ്രയിച്ചു യൌവ്വ
നത്തിലുണ്ടായിരുന്ന പരാക്രമമെല്ലാം അസ്തമിച്ചു പരലോകപ്രാ
പ്തിക്കൊരുങ്ങിക്കൊണ്ടിരിക്കുന്ന വയോധികൻ നിജപ്രയത്നം കൊ

ടെ പോററിവളൎത്തപ്പെട്ടിട്ടുള്ള തന്റെ ഇഷ്ടസന്തതികളാൽ അവ
സാന കാലങ്ങളിൽ കാത്തുരക്ഷിക്കപ്പെടുന്നതുപോലെ ഈവൃ
ക്ഷം ഉറപ്പുള്ള അനേകം വള്ളികളാൽ ചുററപ്പെട്ടിരുന്നു. ശാഖക
ളിൽ ചുററിപ്പിണഞ്ഞ തൂങ്ങിക്കിടക്കുന്ന വള്ളികളിൽ നിലത്തുനി
ന്നും കറച്ചുംപൊങ്ങി ഉഴിഞ്ഞാലിന്റെ ആകൃതിയിലുള്ള ഒന്നിന്മേൽ
ഇരുന്നു നമ്മുടെ സുന്ദരിയായ കന്യക നിലത്തുചവിട്ടിക്കുതിച്ചു
സാവധാനത്തിൽ ആടുവാൻ തുടങ്ങി.

വാസ്തവമായ രൂപലാവണ്യത്തിന് അതിയായ ന്യൂനത സം
ഭവിക്കാതെ ഈ സ്ത്രീരത്നത്തെ പ്രത്യംഗമായി വൎണ്ണിക്കുന്നതിൽ ഇ
നിക്കുള്ള പാടവത്തെപററി ലേശം പോലും വിശ്വാസമില്ലാത്ത
തിനാൽ ഞാൻ ആയതിന്നു തുനിയുന്നില്ല. കാളിദാസ മഹാകവി
പറഞ്ഞിട്ടുള്ളപോലെ ശൃംഗാര ജീവിതങ്ങളായ സകല വസ്തുക്കളു
ടേയും ഏകോപിച്ചിട്ടുള്ള സഹായത്താൽ ധാതാവു തന്റെ സകല
സൃഷ്ടികളിൽ നിന്നും അപാരമായി അതി വിശിഷ്ടമായിരിക്കുന്ന ഒരു
സ്ത്രീരൂപത്തെ മനസ്സിൽ സങ്കല്പിച്ച ആയതിന്നു ജീവൻ കൊടുത്ത
തോ എന്നു തോന്നുമെന്നു പറയുകയും ശേഷമുള്ളത വായനക്കാർ
ഊഹിക്കുകയും ചെയ്താൽ വാസ്തവത്തിന്നു വളരെ കോട്ടം തട്ടാതെ
കഴിക്കാവുന്നതാണ്. ആഭരണങ്ങൾ അധികമൊന്നും ഉണ്ടായിരു
ന്നില്ല. തോട, തൊത്തുമൂക്കുത്തി, നൂലും പതക്കവും, കടകം, ഏട
ത്തുകയ്യിന്റെ ചെറുവിരലിന്മേൽ ഒരു ചെറിയ വൈരക്കല്ലുവെച്ച മോ
തിരം ഇത്രമാത്രമെ ഉണ്ടായിരുന്നുള്ളു, തലമുടിയുടെ അഗ്രഭാഗം
കൊണ്ട ഏകദേശം ഒന്നര മുഴത്തോളം മടക്കിവച്ച തുമ്പു പുറത്തേ
ക്കാക്കി കെട്ടിയിട്ട് ആ കെട്ടിന്മേൽ ചെറുതായ ഒരു പിച്ചകമാല
യും തിരുകീട്ടുണ്ട. നെററിയിന്മേൽ ഒരു ചാന്തുപൊട്ടും കുത്തിട്ടു
ണ്ട. റൌക്ക ഇട്ടിട്ടില്ല. ഒരു ചെറിയ പാവുമുണ്ടുകൊണ്ട മാൎവ്വിടം
മറച്ച മുണ്ടിന്റെ രണ്ടു തുമ്പും കൂട്ടികെട്ടി കെട്ട പിന്നിലേക്കാക്കി
തലമുടികൊണ്ടു മറച്ചിട്ടുണ്ട. അരയിൽ നേരിയ ഒരുമാതിരി നൎക്കി
ലിക്കരയൻ പാവുമുണ്ടാണ മേൽമുണ്ടായിട്ട ചുററിട്ടുള്ളത. ആകെ
കൂടി അനാവശ്യമായ കൃത്രിമമോടികൊണ്ട സ്ത്രീരത്ന സൃഷ്ടിയുടെ
അത്ഭുത പൂൎവ്വയായ ഈ മാതൃകയുടെ വിശിഷ്ടതയെ ദൂഷിപ്പിക്കയാ

ൻ നമ്മുടെ സുകുമാരി ഒട്ടും തന്നെ ഉദ്യമിച്ചിട്ടില്ലെന്ന പറഞ്ഞാൽ
മതിയല്ലോ.

ഈ സമയത്ത ഇവർ ഏകാകിനിയായിട്ട ഈ വിജനപ്രദേ
ശത്ത വന്നിരിക്കുന്നത സാധാരണ അബലകൾക്കു സഹജമല്ലാത്ത
തും പ്രത്യേകിച്ച ഇവളുടെ ആകൃതിക്കനുരൂപമല്ലാത്തതും ആയ മ
നോധൈര്യം കൊണ്ടാണെന്ന വിചാരിക്കുവാൻ ഒട്ടും തന്നെ പാട
ള്ളതല്ല. അന്യചിന്തകളാൽ തരുണിയുടെ ഏകാന്ത വാസത്തിലു
ള്ള ഭയാംശം അപഹരിക്കപ്പെട്ടിരിക്കുന്നതിന്നുപുറമെ ലോകത്തി
ന്റെ അപ്പോഴത്തെ ശാന്തതയെ ഇവൾ സുഖമാകുംവണ്ണം അനു
ഭവിച്ചിരുന്നില്ലേ എന്നുകൂടി സംശയിക്കുന്നു. പ്രപഞ്ചത്തിന്റെ ഓ
രോരോ സമയത്തുള്ള ചേഷ്ടകളെ മനുഷ്യർ അവരവരുടെ അതാതു
സമയത്തുള്ള മനോവികാരത്തെ അനുസരിച്ച പല പ്രകാരത്തിൽ
കാണുന്നതിനാൽ ജനസഞ്ചാരം കുറഞ്ഞ ഒരു കാട്ടിൽ രാത്രിസമ
യത്ത തനിച്ച ഊഞ്ഞാലാടിക്കൊണ്ടിരുന്ന ഈ സ്ത്രീ നിബിഡങ്ങ
ളായ നിഴലുകളിൽ ഭയങ്കരങ്ങളായ രൂപങ്ങളെ നിർമ്മിച്ചും വനമൃ
ഗങ്ങളിൽ നിന്നും ചോരന്മാരിൽ നിന്നും നേരിടാവുന്ന ആപത്തു
കളെ ഓർത്തും മററനേകം വൈഷമ്യാലോചനകളെ കൊണ്ടും മ
നസ്സിനെ ശല്യപ്പെടുത്തുന്നതിന്ന പകരം മൂളിപ്പാട്ടും പാടിക്കൊ
ണ്ട നിലാവിന്റെ സരളതയേയും പാറമേൽ തട്ടി ഒഴുകുന്ന നദി
യുടെ ശാന്തമുഗ്ദ്ധമായ ശബ്ദത്തേയും സർവ്വേശ്വരന്റെ ലോകപാ
ടവത്തെയും അനുഭവിച്ച രസിക്കുകയാണ ചെയ്തിരുന്നത. ഈ
സുഖ വിചാരങ്ങളെ ഉണ്ടാക്കിത്തീർത്തവനും ആയവൾക്കു മുഖ്യ വിഷയ
മായിരുന്ന ആ ഭാഗ്യവാനായ പുമാൻ പിന്നിൽ കൂടി ഉപായ
ത്തിൽ വന്നതും താഴെ വീണുകിടന്നിരുന്ന പിച്ചകപ്പൂവ്വ പറക്കിയെ
ടുത്ത വൃക്ഷത്തിന്റെ മറവിൽ ഒളിവായി നിന്ന ചെരിച്ച നോക്കു
ന്നതും കുറച്ചുനേരത്തേക്കു യുവതി അറിയാതെ കഴിഞ്ഞു. ഒരിക്ക
ൽ സമയം പോകുന്നതിന്റെ ജ്ഞാനമുണ്ടായി വള്ളി ഊഞ്ഞാ
ലിന്മേൽ നിന്ന ഇറങ്ങിയപ്പോൾ ഒരു നിഴൽ മാറുന്നതുകണ്ട ഭ
യപ്പെട്ടിട്ടെന്നപോലെ ഒരൊച്ച എടുത്തു. അപ്പോൾ വൃക്ഷത്തി
ന്റെ മറവിൽ നിന്ന ആ പുരുഷൻ,

"ഭയപ്പെടേണ്ട, ഞാൻ തന്നെയാണ്" എന്നുപറഞ്ഞ [illegible]ട്ടുവന്നു. സൂര്യോദയത്തിൽ പത്മം വികസിക്കുന്നതുപോലെ ഹൃദയ സഹിതനായിരിക്കുന്ന സുന്ദരപുരുഷനെ കണ്ണിനാൽ നേരെ കണ്ട നിമിഷത്തിൽ യുവതിയുടെ മുഖം മന്ദസ്മിതംകൊണ്ടു പ്രകാശിച്ചു വന്നായി വിലാസോല്ലാസങ്ങളായിരിക്കുന്ന നയനങ്ങളിൽ നിന്ന പ്രണയാതിരേകത്തെ വഴിച്ചും കൊണ്ട്,

"എത്രനേരമായി ഞാനിവിടെ കാത്തിരിക്കുന്നു. ജോലിത്തിരക്കുകൊണ്ട എന്നെ മറന്നുപോയോ എന്നുകൂടി ശങ്കിച്ചു" എന്ന യുവതി മുള്ളവാചം പറഞ്ഞതു യുവാവിങ്കൽ കുസുമാസ്ത്രം പോലെയാണ തറച്ചതു.

"എന്റെ ജോലി ഞാൻ മറന്നിരിക്കുമോ എന്ന ദേവകിക്കുട്ടി ശങ്കിച്ചാൽ അത്ഭുതമുണ്ടായിരുന്നില്ല. പക്ഷെ ദേവകിക്കുട്ടിയുടെ ഈ ശങ്കക്ക ഞാൻ ലേശം അവകാശം കൊടുത്തിട്ടില്ല. ഞാൻ ഇവിടെ വന്നിട്ട കുറച്ചു നേരമായി എന്നുള്ളതിന്ന ഈ പിച്ചകപ്പൂവു സാക്ഷിയുണ്ട. ദേവകിക്കുട്ടിയുടെ മനസ്സും കണ്ണും മറ്റൊരേടത്ത സഞ്ചരിച്ചിരുന്നതിന്ന ഞാൻ ഉത്തരവാദിയാണോ ?"

"നേർമാർഗ്ഗം വിട്ട് ഒളിച്ചുവരുന്ന കഥ ആരെങ്കിലും അറിഞ്ഞോ ?"

"ശിവക്ഷേത്രത്തിലേക്കുള്ള വഴി ഈ കാട്ടിൽകൂടി തന്നെ ആയിരിക്കാം അല്ലെ ? തിങ്കളാഴ്ചതോറുമുള്ള ശിവദർശനത്തിന്ന അമ്മ പുറപ്പെടാത്തത അമ്മയുടെ ഭാഗ്യക്ഷയംതന്നെ. വന്നെങ്കിൽ ശ്രീ പാർവ്വതി പ്രത്യക്ഷരൂപിണിയായിട്ട ക്ഷേത്രത്തിൽനിന്നും കാട്ടിലേക്ക പോകുന്നതുകാണാമായിരുന്നു."

"ശിവനെ ക്ഷേത്രത്തിൽ കാണാഞ്ഞിട്ടല്ലെ ശ്രീ പാർവ്വതിക്ക കാട്ടുകേറേണ്ടിവരുന്നത ?" എന്ന പറഞ്ഞ രണ്ടുപേരുംകൂടി ചിരിക്കുവാൻ തുടങ്ങി.

"ആട്ടെ ഇവിടെ വന്നിട്ട കുറച്ചുനേരമായെങ്കിൽ എന്തിനാണ് വൃക്ഷത്തിന്റെ മറവിൽ ഒളിച്ചുനിന്ന എന്നെ പേടിപ്പിച്ചത് ? നേരിട്ടുവരായിരുന്നില്ലെ ? പുരുഷന്മാരുടെ ശൌര്യമൊക്കെ സ്ത്രീകളെ കളിയാക്കുന്നതിലാണല്ലൊ. പുരുഷന്മാരുടെ കളവകണ്ടുപിടിക്കുവാൻ സ്ത്രീകൾക്കു ബുദ്ധിയും ദൈവം കല്പിച്ചുകൊടുത്തിട്ടില്ല.

പിന്നെ മരപ്പാവകളെപോലെ കളിപ്പിച്ചാൽ കളിക്കകയല്ല തരമുള്ളൂ".

"ഒരു പറഞ്ഞത അത്ര ശരിയായില്ല. പുരുഷന്മാരാണ മരപ്പാവകൾ. അവരുടെ ചരട പിടിക്കുന്നത സ്ത്രീകളും. ഞാൻ ദേവകിക്കട്ടിയെ ഭയപ്പെടുത്തേണമെന്ന വിചാരിച്ച ഒളിച്ചുനിന്നതല്ല. ഇവിടെവന്നപ്പോൾ ദേവകിക്കട്ടിയുടെ ഇരിപ്പുകണ്ടിട്ടുണ്ടായ ആനന്ദം കൊണ്ട പെട്ടെന്നു നേരിട്ടുവന്നാൽ അത് അനുഭവിക്കവാൻ കഴിയാതില്ലെങ്കിലോ എന്ന വിചാരിച്ചിട്ട ഉപായത്തിൽ വന്നതാണ്".

"മുഖസ്തുതിയും സ്ത്രീകളെ ചകിട്ടുവാൻ പുരുഷന്മാർ ഉപയോഗിക്കുന്ന ജാലവിദ്യകളിൽ ഒന്നാണ്".

"ശരി. ആ തൎക്കം അവിടെ ഇരിക്കട്ടെ. കുറച്ചുനേരമായില്ലേ നമ്മൾ നിന്ന സംസാരിക്കുന്നു. ഇനിയുള്ളത ഇരുന്നിട്ടാവട്ടെ. ദേവകിക്കുട്ടി ആ വള്ളി ഉഴിഞ്ഞാലിന്മേൽ തന്നെ ഇരിക്ക. ഞാൻ ഇവിടെ ഇരിക്കാം" എന്നപറഞ്ഞ കുമാരൻനായർ ഉഴിഞ്ഞാലിന്റെ ഒരു ഭാഗത്തായിട്ട പീഠാകാരത്തിലുള്ള ഒരു കുററിയിന്മേൽ ഇരുന്നു. ദേവകിക്കുട്ടി ഉഴിഞ്ഞാലിന്മേൽ കയറി എടത്തുകയ്യ മടിയിൽ മുകീട്ട വലത്തുകയ്യുകൊണ്ട മുൻഭാഗത്തുള്ള വള്ളിയിന്മേൽ പിടിച്ച മററെ വള്ളിയിന്മേൽ ചാരി കുമാരൻ നായൎക്ക അഭിമുഖമായിട്ട ഒരു പുറത്തേക്ക തിരിഞ്ഞിരുന്നു.

"താന്നോന്താനറിയാത്ത ചില വകക്കാര് അവരേപോലെയാണ മററുള്ളവരുമെന്ന വിചാരിച്ച പറയുന്ന വാക്കകേട്ടിട്ട പുരുഷവൎഗ്ഗത്തെ അടച്ച ശകാരിക്കുന്നതു ഭംഗിയല്ല. അവനവനെ നല്ലവണ്ണം അറിയുന്നവർ മററുള്ളവരേയും ശരിയായിട്ട അറിയും. ആത്മജ്ഞാനമാണ പരംഗിത ജ്ഞാനത്തിന്റെ രഹസ്യം. മേനിപറയുന്നവർ മുഖസ്തുതി പറയുന്നതിലും കേൾക്കുന്നതിലും ഉത്സുകന്മാരായിരിക്കും. ദേവകിക്കുട്ടി ആരെ മനസ്സിൽ വെച്ചുകൊണ്ടാണ ഇപ്പോൾ ഈ വാക്ക പറഞ്ഞതെന്ന ഇനിക്ക നിശ്ചയമുള്ളതുകൊണ്ട ദേവകിക്കുട്ടിയുടെ പുരുഷന്മാരേ കുറിച്ച പൊതുവിലുള്ള അഭിപ്രായം അത്ര വിലയുള്ളതായിട്ട ഞാൻ വിചാരിക്കുന്നില്ല". എന്ന മുൻ പ്രസ്താവിച്ചിരുന്ന വിഷയത്തിലേക്ക കുമാരൻ നായർ വീണ്ടും പ്രവേശിച്ചു.

മലയ— (ജീമൂതവാഹനന്റെ മുഖത്തനോക്കി ചിരിക്കുന്നു)

ജീമൂ— (മലയവതിയുടേ മുഖത്തുനോക്കീട്ട്)

അധരത്തളിരിനിടക്കിഹ
മധുരസ്മിതമായ പുവ്വ്കാണുന്നു ।
മതിമുഖി ! മററൊരു ദിശിഹല
മതുമുണ്ടതുനോക്കുമെൻറമിഴിക്കുത്രേ ॥ (൨-൭)

വിദൂ— ചതുരികേ ! നിയ്യെന്താചെയ്തത് ?

ചേടി— ഞാൻ അങ്ങേ വഞ്ചിച്ചു.

വിദൂ— (കൈകൊണ്ട മുഖംതുടച്ചുനോക്കി കോപത്തോടുകൂടി വടി യെടുത്ത്) എടീ ദാസീ പുത്രി ! ഇത രാജസന്നിധിയാണ്. ഞാൻ നിന്നേ എന്താണ് ചെയ്യണ്ടത് ? (ജീമൂതവാഹന നോടായിട്ട്) ഹേ ! അങ്ങേടെ മുമ്പിൽവെച്ചല്ലേ ഈ ദാസീ പുത്രി എന്നേ ഇങ്ങിനെ അവമാനിച്ചത്. ഇനി ഞാനിവി ടെനിന്നിട്ട എന്താഫലം ? വല്ലവഴിക്കും പോവുകയാണ്. (പോകുന്നു)

ചേടി— ആര്യനായ ആത്രേയൻ എന്റെനേരേ വാസ്തവമായിട്ട തന്നേ കോപിച്ചിരിക്കുണു. അതുകൊണ്ട വേഗം പിന്നാലേ ചെന്ന അദ്ദേഹത്തിന്റെ കൊപിച്ചിൽതീക്കട്ടേ (പോവാൻ ഭാ വിക്കുന്നു)

മലയ— ചതുരികേ ! നിയ്യെന്നെതന്നേ വിട്ടിട്ടുപോവുകയാണോ ?

ചേടി— (ജീമൂതവാഹനനേ നിർദ്ദേശിച്ച ചിരിച്ചുകൊണ്ട്) ഇവിട ന്ന വളരെക്കാലം ഈവിധത്തിൽ ഏകാകിനിയായിരിക്കട്ടേ.

ജീമൂ— (മലയവതിയുടേ മുഖത്തനോക്കീട്ട്)

ചിന്നുംകോമളദന്തചഞ്ചിരുചിയാൽനൽക്കേസരശ്രീകല
ന്നൂനം വെയിൽകൊണ്ടുപാടലനിറം പൂണ്ടോരുനിന്നാനനം ।
കന്നൽക്കാറണിവേണി ! കമ്രകമലത്തോടൊക്കമേസത്യമാ
ണെന്നാൽ വണ്ടുകറാംതേൻകുടിപ്പതിവിടെക്കാണാത്തതെന്താ
ണഹോ ॥ (൩൩)

മലയ— (ചിരിച്ച മുഖം വേറേ ഒരു ദിക്കിലേക്കു തിരിക്കുന്നു)

ജീമൂ— (പിന്നെയും അതുതന്നേചെല്ലുന്നു)

ചേടി— (ബദ്ധപ്പെട്ട പ്രവേശിച്ച് ചെട്ടന്ന അടുത്തു ചെന്നിട്ട്) ഇതാമിത്രാവസുതമ്പുരാൻ എന്തോ ഒരു കാൎയ്യവശാൽ കുമാരനോകാണ്മാൻ വന്നിരിക്കുന്നു.

ജീമൂ— പ്രിയേ ! അകായിലേക്കു പൊയ്ക്കോളൂ ! മിത്രാവസുവിനെ കണ്ടിട്ട ഞാനിതാവന്നുകഴിഞ്ഞു.

മലയ— (ചേടി ഒരുമിച്ചു പോയി)

(അനന്തരം മിത്രാവസുപ്രവേശിക്കുന്നു)

മിത്രാ— ആമൂഢനായ രിപുതന്നെ വധിച്ചിടാതി
„ന്നാമൂലമങ്ങയുടെ നാടരികേറി”യെന്നായ് ।
ഹാ ! മാനസത്തളിരിൽനാണമതെന്നിയേഞാൻ
ജീമൂതവാഹനനൊടെങ്ങിനെ ചൊല്ലിടുന്നു ॥ (൧൭)

എന്നാൽ അറിയിക്കാതേപോകുന്നതും ശരിയല്ല. അതുകൊണ്ട അറിയിച്ചിട്ടുതന്നേ പൊയ്ക്കളയാം (അടുത്തുചെല്ലുന്നു)

ജീമൂ— (മിത്രാവസുവിനേകണ്ടിട്ട്) മിത്രാവസു ! ഇവിടെഇരിക്കൂ.

മിത്രാ— (ഇരിക്കുന്നു)

ജീമൂ— (നോക്കിട്ട്) മിത്രാവസു ! താൻ വല്ലാതേ പരിഭ്രമിച്ചിരിക്കുന്നതുപോലേ തോന്നുന്നുവല്ലോ.

മിത്രാ— ദുഷ്ടനായ മതംഗനേക്കുറിച്ച പരിഭ്രമിക്കാനെന്താണുള്ളത് ?

ജീമൂ— മതംഗൻ എന്തുചെയ്തു ?

മിത്രാ— അവൻ തനിക്കു നാശംവരുവാനായിട്ട ഇവിടുത്തേ രാജ്യം കൈകേറിയിരിക്കുന്നുവത്രേ.

ജീമൂ— (സന്തോഷത്തോടുകൂടി) ഇതപരമാൎത്ഥംതന്നെ ആയിരിക്കുമോ.

മിത്രാ— അതുകൊണ്ട കുമാരൻ അവനേനശിപ്പിപ്പാൻ കല്പനതന്നാലും എന്തിനവളരെപറയുന്നു.

മാനംമുഴുച്ചുടുമാട്ടമന്നോരുവിതതവിമാ
നങ്ങളാൽ ഭാനുതന്നേ
കാണാതാംമട്ടവക്ഷത്തിലെ വിധമിതളീ
വാസരത്തിൽപ്പുരത്തി ।

ഊററാതസിതശംഖമക്കുന്നൊരുകിഖ്യടനോ
ചോരിനായിട്ടുപോയ്ക്ക
മാനാരാതിക്ഷണോത്രാസിതന്നൃചംരാട്ടനിൻ
നാട്ടനേടികഴിഞ്ഞു ॥ (൩൮)

അല്ലെങ്കിൽ പടഹജനങ്ങളൊക്കെ എന്തിനാണ് ?

ഞാനൊരുത്തനൊരുവാളെടുത്തുടനിളകിയങ്ങതിൽ മുളക്കമ
ന്ന്യനരശ്ശികളതാംസടാവലികളാൽപ്പരംചരിചസിച്ചുടൻ ।
മാനമാശ്ശലയിൽനിന്ന വീഴ്ത്തിഹരിവൻകരീന്ദ്രനെയിതെന്നമ
ല്ലനമററിഹമതംഗനേപ്പൊരുതടകിയെനകരുതീടണം ॥ (൩൯)

ജീമൂ— (ചെവിപൊത്തുന്നു. (വിചാരം) കഷ്ടം ! കഷ്ടം ! കട്ടപ്പമാണി
പ്പറഞ്ഞത്. അല്ലെങ്കിൽ കാൎയ്യം ശരിതന്നെ. (പ്രകാശം) മി
ത്രാവസു ! ഇതനിസ്സാരമല്ലേ ? കയ്യുകളുള്ള താനിക്ക ഇതിനേ
ക്കാൾ എത്രയോ വലുതായ കാൎയ്യംകൂടി സാധിപ്പാൻ കഴി
യും. എന്നാൽ

കൂട്ടംകൂടാപരനപേക്ഷയതന്നിരമെയ്
കൂടെക്കൊട്ടക്കമൊരുനൽകരുണാകരൻഞാൻ ।
കേടററനാടതുകിടക്കവതിന്നുജന്തു
പീഡയ്ക്കസംഭ്രമമതെങ്ങിനെനൽകിടേണ്ടു ॥ (൪൦)

എന്നതന്നെയല്ല ദുഃഖം ഒരു വസ്തു ഒഴിച്ച മററൊന്നിങ്കൽ ഇ
നിക്ക ശത്രുവാവണമെന്നുള്ള വിചാരം തന്നെ ഇല്ല. അതുകൊണ്ട താൻ
ഇനിക്ക വല്ല ഇഷ്ടവും ചെയ്യാൻ വിചാരിക്കുന്നുണ്ടെങ്കിൽ രാജ്യ
ത്തിന്നുവേണ്ടി ക്ലേശിക്കുന്ന ദീനനായ ഇവനെക്കുറിച്ച ദയചെയ്യു.

മിത്രാ— (കോപത്തോടുകൂടി ചിരിച്ചുകൊണ്ട്) നമുക്ക ഇത്രത്തോ
ളമൊക്കെ ചെയ്ത ഉപകാരസ്മരണയുള്ള ഈ ആളേക്കുറിച്ച
ദയചെയ്യാതിരിക്കുന്നതെങ്ങിനെയാണ് ?

ജീമൂ— (വിചാരം) ചെട്ടന്നുണ്ടായിരിക്കുന്ന കോപംകൊണ്ട വല്ലാ
തേ ഇളകിവശായിരിക്കുന്ന മഹാവാശികാരനായ ഇയ്യാളേ

തൽക്കാലം ചിന്തിരിപ്പിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ടു ഇങ്ങിനെ ആവാം (പ്രകാശം) മിത്രാവസു! എണീക്കു. നമുക്കു ആകായിലേക്കു പോവുക അവിടെവെച്ചു ഞാൻ തനിക്കു ബോദ്ധ്യം വരുത്തിത്തരാം. ഇപ്പോൾ നേരം അസ്തമിക്കാറായി നോക്കു!

വിദ്രാമുദ്രതുറന്നുനിത്യവുമഹോ ശ്രീപ
ത്മകോശം തുറ
ന്നൊത്താശാചരിപൂർത്തി ചെയ്യൊരു കരത്താൽ
കാത്തു ലോകത്രയം
സിദ്ധഗന്ധർവ്വാദികൾ വാഴ്ത്തവിനാതൊന്നി
ങ്ങസ്തമിച്ചീടിവ്വം
വിത്രാത്മാഗ്ര്യന്നൊരാളിവൻ പരഹിതത്തി
ന്നായ് പ്രസാദിപ്പവൻ (൧൨)

(എന്നു എല്ലാവരും പോയി)

(മൂന്നാമങ്കം കഴിഞ്ഞു)

---

നാഗാനന്ദം നാലാമങ്കം.

---

(അനന്തരം രണ്ടു ചുമപ്പു വസ്ത്രങ്ങൾ കയ്യിലെടുത്തുകൊണ്ടു കഞ്ചുകിയും ഒരു കാവൽക്കാരനും പ്രവേശിക്കുന്നു)

തിണ്ണമീപ്പുരനിരയ്ക്കുകത്തുപല ചട്ട
വട്ടമത്തുമിട്ടുതാൻ
കണ്ണുവെച്ചടിയടിയ്ക്കു പറവുമൊരുവാച്ചു
വീഴ്ചകളെ നോക്കിയും ।
ദണ്ണമാർന്നുജരകൊണ്ടുറന്നേകക്ഷണിച്ചു
മിന്നു മരുവുന്നുഞാൻ
ദണ്ഡനീതിയതിനാൽ നൃപന്നു ശരിചെ
യ്തിട്ടുന്നില്ല സമസ്തവും ॥

# ഗണപതി

(മാളൻ)

സുരനികരേറെയും തൃച്ചരങ്ങളുമോ
മേധിപൊറി ചെയ്യാന്ത പുരരിപു ഭഗവാൻ
പരദ്ധസ്തുതചിര ദാക്ഷിണി ലാകിയ
ഗിരിവരമകളോടു മിടചേരുന്നൊരു നാളിൽ
ഉരുതര കൗതുകമിയന്നടവിയൊരു കരി
വരമിഥുനാ കൃതികൈക്കൊണ്ടവരവധി
ഹരിഹരിണാദികളുമതും വനമതി
ലതിമകലന്ന കളിക്കും സമയെ
കുതിരശിമറെറാരു കരികലതിലകൻ
സുരശരമറെറാരു കെട്ടിചകുട്ടപ്പാൻ
കരിണി ഖിലുറാമടത്തൊട്ടു തള്ളു
പരമരസത്തൊട്ടു കണ്ടശേഷം
കരിദനുജാരി മഹേശൻ തന്നുടെ
തിരുമനതാരിലു മഖിലധരാധര
വരമകളാകിയ വരതനു തന്നുടെ
തിരുമനതാരില്യ മൊരുമടമുളവായ്
കരുമനപെരുകിന മദനൻ തന്നുടെ
ശരമുനകൊണ്ടു തളർന്നവരിവരു
മൃതുമകലന്ന കളിക്കും വേളയി
ലൊരുമകനുളവായെന്നേ വേണ്ടു
സുരമുനിചാരണ നതപദമുടയൊരു
പുരരിപു തന്നുടെ തിരുമകനായി
ഗിരിവരസുതയതിലുളവായ്വന്നൊരു
കരിമുഖ മഹിമകളാക്കറിയാവു
അരുണാപായാരുഹ രമണൻ തന്നുടെ
കിരണഗണങ്ങളു മവനിയിൽവന്നവ
ന്നരണം ചെയ്യൊരു ഗണപതി തന്നുടെ

ചരണമണഞ്ഞു വണങ്ങീടേണം
പരമമനോഹര മാമൊരു തുമ്പി
ക്കരമതിലമ്പിന പൊൻകടകവുംപൂന
രിരിപതിലഞ്ചുമൊരഞ്ചും കറവും
കരതലസഞ്ചയ മുള്ളതിൽ വിലസും
നാരകഫലവും ശംഖും നല്ലൊരു
നീരജമൊട്ടും നീലോല്പലവും
സരസമതായകരിമ്പും വില്ലും
സുരുചിരമരിംയാട്ട കയറും നെല്ലും
അരിശമരിവുമൊരരശും ശൂലവു
മുമൂഖനാമച്ചിപിണച്ചൊരു രഥവും
കരുതി വണങ്ങിട്ടമടിയനിവൃതരാര
കരുണമനസ്സിലുദിയ്ക്കുണമതിനായ്
വരിമലരവില്വ കരിമ്പും നീരും
പരിമളമിളകിന കദളിപ്പഴവും
നിരവധി മധുരമിയന്നൊരു മധുവും
നിറമിയലും ചെറു നാരങ്ങായും
ചെറുപയറടയും ചോളകമലരും
ചിരവിയതേങ്ങയു മിവകയെല്ലാം
ഉരുകിയനെയ്യും ശർക്കരയുംചേ
ത്തുരുതരഭക്തി പുരസ്സരമടിയൻ
കരിമുഖനാകിയ നിന്തിരുവടിയുടെ
തിരുമലരടിയതിൽ വെച്ചുതൊഴുന്നേ
രിരുവയർ നിറയും വടിവിനൊടമർച്ചെ
യ്യോരുവരമരുളണ മൊരുകഥ പറവാൻ

വെണ്മണി മഹൻ നമ്പൂരിപ്പാട.

# ചൂതുകളി.

* ചൂതുകളി, പാശികളി, മുതലായവയുടെ ദോഷത്തെ ഭയങ്കരമാകും വണ്ണം വൎണ്ണിച്ച് അവയെ എല്ലാവരും ഉപേക്ഷിക്കേണ്ടതാണ് എന്നും മറ്റും ജനങ്ങൾക്കു ഒരു ഉപദേശത്തെ കൊടുക്കണമെന്നു ഇവിടെ വിചാരിക്കുന്നില്ല. എന്നാൽ പിന്നെ എന്താണ് എന്ന ശങ്ക താഴെ കാണിക്കുന്നതിനെ വായിച്ചുനോക്കിയാൽ തീരുന്നതാണ്.

റഗോസിൻ എന്നൊരു പാശ്ചാത്യ പണ്ഡിതൻ „വൈദിക കാലത്തെ ഇന്ത്യാചരിത്രം" എന്നൊരു പുസ്തകമെഴുതീട്ടുണ്ട. ഋഗ്വേദത്തിന്റെ അതിനിഷ്കൃഷ്ടയായ ഒരു പരിശോധനയാണ് ആ ഗ്രന്ഥത്തിൽ പ്രധാനമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയം. അതിൽ ആദ്യം തന്നെ ഇന്ത്യയുടെ ഉത്തരഭാഗമായ ആൎയ്യാവൎത്തത്തേയും, തന്നിവാസികളായ ആൎയ്യന്മാരെയും, വിസ്താരമായി വൎണ്ണിക്കുന്നു. ഋഗ്വേദം എന്ന ഗ്രന്ഥത്തെ ആദ്യം തന്നെ വെള്ളക്കാർ എങ്ങിനെയാണ് കിട്ടിയതെന്ന് പിന്നെ പറയുന്നു. പിന്നെ ഋഗ്വേദ പരിശോധന ആരംഭിക്കുന്നു. ഋക് സംഹിതയിൽ ഇത്ര മന്ത്രങ്ങളുണ്ടെന്നും, അവയെ ഇത്ര മണ്ഡലങ്ങളായി വിഭാഗിച്ചിരിക്കുന്നുവെന്നും, ആ മന്ത്രങ്ങളിൽ ആസകലം ഇത്ര പദങ്ങളുണ്ടെന്നും, മറ്റും തിട്ടമായി പറഞ്ഞതിന്റെ ശേഷം തത്സംബന്ധമായ ശിക്ഷ, ഛന്ദസ്സ്, വ്യാകരണം, നിരുക്തം, ജ്യോതിഷം, കല്പം, എന്നിങ്ങിനെയുള്ള വേദാംഗങ്ങളേയും പററി വിസ്തരിക്കുന്നുണ്ട്. പിന്നെ വേദത്തിൽ പറഞ്ഞിരിക്കുന്ന അസംഖ്യം ദേവന്മാരെ ഓരോരുത്തരെയായി എടുത്ത് പ്രത്യേകം വൎണ്ണിക്കുകയും, അവരെ സ്തുതിക്കുന്നതായ ചില മന്ത്രങ്ങളെ തൎജ്ജമചെയ്ത് കാണിക്കുകയും, ചെയ്യുന്നു. അതി

* ചൂതുകളി പുരാണ രാജാക്കന്മാരുടെ ഇടയിൽ ധാരാളം നടപ്പുള്ളതായിട്ടും, രാജാക്കന്മാരിൽ പലരും അത് ആപൽക്കരമായി ഭവിച്ചിട്ടുള്ളതായിട്ടും നാം വായിച്ചിട്ടുണ്ടല്ലോ. എന്നാൽ ആ ജാതി കളിയിപ്പോൾ നടപ്പില്ല. അതിന്നു തുല്യമായി നമ്മുടെ ഇടയിൽ നടപ്പുള്ളത് പാശികളിയാണ്. അതിനാൽ പാശികളി എന്ന പദത്തെയാണ ഈ ലേഖനത്തിൽ പ്രയോഗിക്കുന്നത്.

ന്റെ ശേഷം അന്നത്തെ അവിടങ്ങളിലുള്ള ആൎയ്യ രാജാക്കന്മാരെയും, അവരുടെ പുരോഹിതന്മാരായ വസിഷ്ഠ വിശ്വാമിത്രാദി ഋഷികളേയും, ആൎയ്യന്മാരുടെ ശത്രുക്കളായ ദസ്യുക്കൾ മുതലായ അപരിഷ്കൃത ജാതിക്കാരെയും, അവരുടെ നടവടികളെയും, വൎണ്ണിക്കുന്ന വേദോക്തമായ യാഗാദി നാനാവിധ കൎമ്മങ്ങളേയും, അവയുടെ സൂക്ഷ്മാൎത്ഥത്തെയും, പററി വിസ്താരമായി പറയുന്നുണ്ട്. എന്നുവേണ്ട, അന്നത്തെ ആൎയ്യന്മാരുടെ ആചാരങ്ങളേയും, ധൎമ്മങ്ങളേയും, ഈശ്വരവിശ്വാസത്തെയും, അവരുടെ യുദ്ധങ്ങളുടെ രീതിയെയും, മററനേക നടവടികളേയും, പററി ആ പണ്ഡിതൻ വളരെ വെട്ടപ്പായി പറയുന്നുണ്ട്. ഇവയെല്ലാം അദ്ദേഹത്തിന്നടിസ്ഥാനം ഋഗ്വേദമാകുന്നു. ഇവയെയെല്ലാം സാധിക്കുന്നതിന് അദ്ദേഹം വേദത്തിൽ നിന്ന് അതാത് ഘട്ടത്തിന്ന അനുരൂപമായ ഋക്കുകളെ എടുത്ത് ഇംഗ്ലീഷുഭാഷയിൽ തൎജ്ജിമ ചെയ്തിട്ടുമുണ്ട്. ഈ കൂട്ടത്തിൽ അന്നത്തെകാലത്ത് അവിടെയുള്ള ഒരു പാശികളിക്കാരൻതന്നെത്താൻ പറയുന്നതായിട്ട് ഋഗ്വേദത്തിൽ ഒരു ഭാഗമുള്ളതിനെ ഇദ്ദേഹം ഭാഷാന്തരം ചെയ്തിട്ടുണ്ട്. അത് ആ പാശികളിക്കാരൻെറ ഒരു കുററസമ്മതം എന്നപോലെ ആണ്. നാലായിരമൊ അയ്യായിരമൊ അതിലധികമൊ വൎഷം മുമ്പുള്ള ഒരു പാശികളിക്കാരനും ഇന്നുള്ള ഒരുവനും തമ്മിൽ ലേശമെങ്കിലും വ്യത്യാസമുണ്ടൊ എന്ന് വായനക്കാർ തന്നെ വായിച്ച് തീൎച്ചയാക്കുന്നതിന്ന് ആ ഭാഗത്തെ ഭാഷയാക്കി താഴെ ചേൎക്കുന്നു:—

൧. "അത്യുത്സാഹത്തെ ഉണ്ടാക്കുന്ന ചൂക്കിണികൾ ചാടിമറഞ്ഞ് പലകമേൽ ഉരുളുമ്പോൾ എന്നിൽ അവ വളരെ സന്തോഷത്തെ ജനിപ്പിക്കുന്നു. മൂജവത് എന്ന പൎവ്വതത്തിന്മേൽ വളരുന്ന 'സോമം' എന്ന ചെടിയുടെ മദ്യം എന്നപോലെ അവ എനിക്ക് രസമായിരിക്കുന്നു.—൨. എന്റെ ഭാൎയ്യ ഒന്നായിട്ട് കലഹിക്കുകയാകട്ടെ, എന്നെ കോപിപ്പിക്കുകയാകട്ടെ ചെയ്തിട്ടില്ല. അവൾ എന്റെ സ്നേഹിതന്മാരോടും എന്നോടും വളരെ ദയയുള്ളവളായിരുന്നു. എന്നാൽ ഞാൻ, ആപത്തിനെ ഉണ്ടാക്കുന്നതായ ചൂക്കിണികൾ നിമിത്തം എന്നിൽ അതിഭക്തിയുള്ള എന്റെ ഭാൎയ്യയെ ഉപേക്ഷിച്ചു.—൩. എന്റെ ശ്വശ്രുവമ്മ എന്നെ വെറുക്കുന്നു; എന്റെ ഭാൎയ്യ ഇപ്പോൾ എന്നെ ഉപേക്ഷിക്കുന്നു; ഒരു പാശികളിക്കാരനെ സമാധാനപ്പെടുത്തുന്നതിന്ന ആരേയും കാണുന്നില്ല. എന്നതന്നെയല്ല, ഒരു പാശികളിക്കാരനെ എന്തിനുകൊള്ളാമെന്ന ഞാൻ (തന്നെ) അറിയുന്നില്ല; വിലപിടിച്ച ഒരു കുതിര വയസ്സായി ക്ഷീണിച്ചാലെന്തിനേയൊ (ഒന്നിനുംകൊള്ളാതായിത്തീരുന്നതിനേയൊ) അതുപോലെയാണ പാശികളിക്കാരൻ—൪, അതി ക്രൂരമായ ചൂക്കിണികൾ

ഭോഗി ദ്രവ്യത്തെ ക്രയ്യംചെയ്യുന്ന ഒരുവൻെറ ഭാൎയ്യയെ അന്യന്മാർ വശത്താകുവാൻ ശ്രമിക്കുന്നു. സ്വന്തമായ മാതാപിതാക്കന്മാരും സഹോദരന്മാരും (കൂടി) ഇങ്ങിനെ പറയുന്നു; 'അവനാരാണ? അവനെ ബാധിച്ചു ഉരകൊണ്ടുപോകട്ടെ'.—൭. 'ഇനി ഞാൻ കളിക്കു, എന്തെന്നാൽ എൻെറ സ്വജനങ്ങളെല്ലാം എന്നെ ഉപേക്ഷിക്കുന്നു', എന്നു ഞാൻ ഒരുതന്നെ വിചാരിച്ചുറച്ചാലും ചുക്കിണികളുടെ ശബ്ദം കേട്ട ക്ഷണത്തിൽ, ഒരു സ്ത്രീ തനിക്കനുരാഗമുള്ള പുരുഷൻെറ അടുക്കലേക്കു എന്നപോലെ, ഞാൻ കളിസ്ഥലത്തേക്കു ഓടുന്നു.—൮. 'ഇന്നു ഞാൻ ജയിക്കും', എന്നു പുരുഷവിശ്വാസത്തോടുകൂടിയാണ പാശകളിക്കാർ കളിക്കാർ ക്രീഡിക്കുന്ന സ്ഥലത്തേക്കു പോകുന്നത. പകിടചുക്കിണികൾ അവൻെറ ജയങ്ങളെ എതിരാളികൾക്കാക്കിത്തീൎത്തു അവൻെറ ആശയെമാത്രം വൎദ്ധിപ്പിക്കുന്നു.—൯. ഇവ മാംസത്തെ കത്തിക്കൊള്ളുന്ന ചൂണ്ടൽപോലെയാകുന്നു; സ്നേഹമായ വേദനയെ മുഴുകി ഉപദ്രവിക്കുന്ന വഞ്ചകന്മാരാകുന്നു. എന്തെന്നാൽ, ആദ്യംകൊച്ചു ജയത്തെകൊടുത്തു സന്തോഷിപ്പിച്ചതിൻെറശേഷം, അവനെ ഒക്കെ തീരെ നഷ്ടനാക്കിത്തീൎക്കുന്നു; എങ്കിലും അവ (ചുക്കിണികൾ) അവനു തേൻപോലെ മധുരമായിത്തന്നെ തോന്നുന്നു.—൧൦. ......അപ്രത്യക്ഷരായിരിക്കുന്നവരുടെ കോപത്തിന്നുകൂടി അവ കീഴടങ്ങുന്നില്ല. രാജാവുകൂടി അവയുടെ അടുക്കൽ കുമ്പിടുന്നു.—൧൧. അവ കീഴ്പോട്ടുരുളുന്നു; മേല്പോട്ടു ചാടുന്നു; അവക്കു കയ്യില്ല, എങ്കിലും അവ കയ്യുള്ളവരെ കീഴടക്കുന്നു. ദിവ്യരായിരിക്കുന്ന ഇന്ധനം (ചുക്കിണികൾ) ചുക്കിണി ഉരുട്ടുന്ന പലകയിന്മേൽ വീഴുമ്പോൾ, അവ തണുത്തുതന്നെ ഇരിക്കുന്നുവെങ്കിലും, ഹൃദയത്തെ പൊള്ളിക്കുന്നു.—൧൨. ഭൎത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതിനാൽ പാശകളിക്കാരൻെറ ഭാൎയ്യ ദുഃഖിക്കുന്നു, എവിടെ എന്നറിവാൻ പാടില്ലാതെ തെണ്ടിനടക്കുന്ന (പ്രശികളിക്കാരനായ) മകനെ പറ്റി അമ്മയും വ്യസനിക്കുന്നു. തൻെറ ഭാൎയ്യയെകണ്ടു, പിന്നെ അന്യന്മാരുടെ ഭാൎയ്യമാരെയും സന്തോഷത്തോടും തൃപ്തിയോടുംകൂടിയിരിക്കുന്ന അവരുടെ കുടുംബങ്ങളെയുംകാണുമ്പോൾ അവന്നു അസഹ്യതതോന്നുന്നു.—൧൩. കടംവന്നു ചിന്താകുലനായി രാത്രികൾ അതിവൃഷ്ടിയോടുകൂടി അവൻ അന്യന്മാരുടെ ഭവനങ്ങളിലേക്കു (യാചിക്കുന്നതിനോ, അല്ലെങ്കിൽ തരംകിട്ടിയാൽ കക്കുവാൻതന്നെയോ) പോകുന്നു. പുലൎച്ചെക്കു പിന്നെയും ചുക്കിണി എടുക്കുന്നു; കറകഴിയുമ്പോൾ അവൻെറ വാശിയും ഉത്സാഹവും കുറയുന്നു; (അപ്പോഴേക്കും വല്ലതും കയ്യിലുണ്ടായിരുന്നതെല്ലാം കളഞ്ഞുകളിച്ചു) മുഷിലത്തെപ്പോലെ കത്തിതമാനസനായി ഭവിക്കുന്നു.—൧൪. നിങ്ങളുടെ കൂട്ടക്കാർ തലവനായിരിക്കുന്നവന്നു, നിങ്ങളുടെ സംഘത്തിന്നു മുഴുവൻ രാജാവായിരിക്കുന്നവന്നു, കയ്യുകൊടുക്കുന്നതിന്നു ഞാൻ മടിക്കുകയില്ല, എന്നു വിരലുകൾ നീട്ടികൊണ്ടു ഞാൻ സത്യംചെയ്യുന്നു.—൧൫. 'ചുക്കിണികൾ അവയുടെ പാടു നോക്കട്ടെ; നീ നിൻെറ കൃഷികളെ സംരക്ഷിക്കുക; നിൻെറ ഐശ്വൎയ്യമുള്ള പദാൎത്ഥങ്ങളെകൊണ്ടു സന്തോഷിക്കയും തൃപ്തിപ്പെടുകയും ചെയ്ക. അല്ലയോപാശികളിക്കാര, ഇതാനിൻെറ കന്നുകാലികൾ; ഇതാനിൻെറ ഭാൎയ്യ' എന്നിങ്ങനെ (എല്ലാവരാലും) പൂജിക്കപ്പെടുന്ന 'സവിതാ' എന്നോട കല്പിച്ചു.—൧൬. അതിനാൽ, അല്ലയോ ചുക്കിണികളേ! നിങ്ങൾ എന്നിൽ ദയവിചാരിക്കണെ, ഇനിയെങ്കിലും നിങ്ങളുടെ ഭയങ്കരമായ ഇന്ദ്രജാലംകൊണ്ടു മയക്കി നിങ്ങൾ എന്നെ ആപത്തിൽ ചാടിക്കാതിരിക്കണെ, നിങ്ങളുടെ കോപത്തെയും ശത്രുതാപത്തെയും കുറക്കണേ. ചുക്കിണികൾക്കു, അടിമയായി ഇനി മറ്റൊരുവൻ ദുഃഖിച്ചു കാലക്ഷേപം ചെയ്യട്ടെ!"

(X,—34)

ഇതിനെപററി റഗോസിൻ എന്ന പണ്ഡിതൻ ഇങ്ങിനെപ
റയുന്നു :—

“ഋഗ്വേദത്തിൽ പാശികളിയെയും മദ്യപാനത്തേയും പററി പലദിക്കിലും സൂചിപ്പിക്കുന്നുണ്ട്. എങ്കിലും ഇന്നുകണ്ടെത്തുവരുള്ള ഒരു പാശികളിക്കാരന്റെ ഛായയിൽ തന്നെ ഇത്ര പഴമയിലുള്ള ഒരുവനെ പററിയ വണ്ണനം ഒരു ഋഗ്വേദമന്ത്രത്തിൽ കാണുമെന്ന വിചാരിക്കാത്തതാകുന്നു.”

---

# പലവക.

## ജ്ഞാനവാസിഷ്ഠം ഭാഷാഗാനം.

---

വരവൂര ശാമുമേനോൻ എന്നാൾ ഞങ്ങൾക്ക് അഭിപ്രായത്തിനായി അയച്ചുതന്ന “ജ്ഞാനവാസിഷ്ഠം ഭാഷാഗാനം” എന്ന പുസ്തകം ഞങ്ങൾ സന്തോഷപൂർവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം അടുത്തലക്കത്തിൽ പ്രസിദ്ധംചെയ്യുന്നതാണ്.

പത്രാധിപർ.

***

## മനുഷ്യൻ സദാസ്മരിക്കേണ്ടതായ ചിലകാര്യങ്ങൾ.

---

കായബലവും മനസ്സൈര്യവുമുള്ളവനാരോ അവനാണ ധൈര്യശാലി.

മരിപ്പാൻ ആർക്കും മനസ്സില്ല. എങ്കിലും സമയത്തെ വല്ലപ്രകാരത്തിലും നശിപ്പിപ്പാൻ എല്ലാവരും ശ്രമിക്കുന്നുമുണ്ട്.

***

മനുഷ്യരുടെ സകല ദുഃഖങ്ങൾക്കും കാരണം സ്വാർത്ഥബുദ്ധിയാകുന്നു. ഇഹലോകത്തിലെ സകല അരിഷ്ടങ്ങൾക്കും കാരണമെന്തെന്ന സൂക്ഷ്മമായി ആലോചിച്ചുനോക്കിയാൽ സ്വാർത്ഥബുദ്ധിയാണെന്ന നാം അറിയുന്നതാണ.

***

അറിവ്, താനിതുമും പഠിച്ചുവല്ലൊ എന്നിങ്ങിനെ വിചാരിച്ചു അഹംഭാവത്തോടുകൂടിയിരിക്കുന്നു. എന്നാൽ വിവേകം, തനിക്കു ഇനിയൊന്നും അറിഞ്ഞുകൂടല്ലൊ എന്ന വിചാരിച്ചു വിനീതനായിരിക്കുന്നു. ഇതാണ ജ്ഞാനവും വിവേകവുമായിട്ടുള്ള വ്യത്യാസം.

***

നമ്മുടെ ജീവകാലത്തിൽ എല്ലാദിവസവും നമുക്കു എല്ലാവർക്കും പലപ്രകാരത്തിലും പലർക്കും നന്മയെചെയ്യാൻ തരംകിട്ടുന്നുണ്ട്. അതുകൊണ്ട സന്ദർഭങ്ങൾ വരുമ്പോഴെല്ലാം അന്യന്ന നന്മയെചെയ്യാൻ നമുക്കു ശ്രമിക്കുക. ആ വക സന്ദർഭങ്ങൾ വരുന്നതിന്ന നമുക്കു

കാത്തിരിക്കയും ചെയ്യുക. നന്മചെയ്യുന്നതു സന്തോഷമേകുന്നതിനും, സന്മാർഗ്ഗമായി പ്രവൃത്തിപ്പാനുമുള്ള ശക്തി അഭ്യാസംകൊണ്ടു നമ്മൾക്കു വർദ്ധിക്കുന്നതാണ. ഉണ്ടിനെ നമുക്കെല്ലാവർക്കും മറ്റുള്ളവരെ നന്മയെ അനുസരിച്ചു ചെയ്യാൻ കഴിയും.

***

നിങ്ങൾ എതുതന്നെ നിചാരസ്ഥയിൽ ജനമെടുത്താലും ധീരതയോടുകൂടി അതിനെ നേരിട്ടു കാലക്ഷേപം ചെയ്യുക. കഠിനവാക്കുകളെക്കൊണ്ടു അതിനെ നിന്ദിച്ചു ധിക്കരിക്കരുത്. നാതു നിങ്ങൾ വിചാരിക്കുന്ന മാതിരി അത്ര ചീത്തയല്ല. എന്തെന്നാൽ, ധനവാനും ചിലപ്പോൾ ദരിദ്രാവസ്ഥയെ അനുഭവിക്കുന്നുണ്ടു കുറ്റംപറയുന്നവൻ സ്വർഗ്ഗത്തിൽ ചെന്നാലും കുറ്റംകാണും. തന്റെ അവസ്ഥ ദാരിദ്ര്യമാണെങ്കിലും അതിനെ സ്നേഹിക്കുക, എന്നാൽ, ഒരു മാളികയുടെ വീട്ടിലും പ്രശസ്യമായും ആനന്ദകരമായും (മറ്റുള്ളവർക്ക്) മുഷ്ക്കാന്തമായും സംഭവിക്കുന്നതാണ്. അസ്തമന സമയത്തെ സൂര്യരശ്മികൾ ഒരു ധനവാന്റെ വാസസ്ഥലത്തു പ്രകാശിക്കുന്നതു പോലെ ഒരു ദരിദ്രന്റെ വീട്ടിലും പ്രകാശിക്കുന്നതാണ്. അതിനാൽ ചുററുമുള്ള പദാർത്ഥങ്ങളല്ല, "മനോഹരമായ വസ്തു" (മനോവൃത്തി) ആണ് സുഖമേകുന്ന ഉണ്ടാക്കുന്നത്.

(ഫാമിലി ഹെറോൾഡ്)

***

## സിഗാറെററു വലി.

അമേരിക്കാഖണ്ഡത്തിൽ യുണൈറെറഡ് സ്റ്റേററസ് എന്നരാജ്യത്ത് കഴിഞ്ഞ കൊല്ലത്തിൽ തെരുത്തിട്ടുള്ള ആയിരം സിഗറെററിന് ഏകദേശം നാല ഉറുപ്പികയോളം നികുതി ഉണ്ടു. ആ രാജ്യത്തുള്ള കുട്ടികളുടെ ഇടയിൽ സിഗറെറവലി വർദ്ധിച്ചു കലശലായതു നിമിത്തം അനേകം ദോഷങ്ങൾ സംഭവിക്കുന്നതിനാലാണ ഇത്രവലിയ നികുതി നിശ്ചയിക്കുവാൻ കാരണം. അവിടത്തെ ഗവർമ്മെണ്ട് ആ രാജ്യത്തെ മരണത്തിന്റെ കണക്കെടുത്തു നോക്കിയപ്പോൾ പതിനഞ്ചു വയസ്സിൽ താഴെ ൫൦൦ കുട്ടികൾ ഒരുകൊല്ലത്തിൽ സിഗറവലിനിമിത്തം മരിച്ചിരിക്കുന്നു എന്നു കണ്ടു. അവരിൽ ചിലരുടെ ദേഹം ഡാക്ടർമാർ കീറിപരിശോധിച്ചപ്പോൾ അവരുടെ വയററിൽ പാകാണത്തേയും ഫോസ്ഫറസ് (Phosphorus) എന്ന ഒരു വിഷയത്തേയും, കണ്ടിരിക്കുന്നു. സിഗററു ചുരുട്ടുന്ന കടലാസ്സിൽ ഇതുവിഷത്തേയും ധാരാളം ചേർക്കുന്നു. ഏകദേശം ൫൦൦ ആളുകളെ ഈ കാരണത്താൽ തന്നെ ഭ്രാന്താലയിൽ ഇട്ടിട്ടുണ്ടു. സിഗററു വലികൊണ്ടുള്ള ദോഷത്തിന്റെ ആധിക്യംനിമിത്തം പതിനെട്ടുവയസ്സിൽ താഴെയുള്ളവർ സിഗററു വലിക്കുന്നതിനെ വിരോധിപ്പാനായി അവിടെ ഒരു നിയമം പാസ്സാക്കീട്ടുണ്ട്. ഈ നിയമപ്രകാരം ൧൮ വയസ്സിൽ താഴെയുള്ളവർ സിഗററു വലിക്കുന്നതായാൽ നാലു ഉറുപ്പിക മുതൽ ൧൫ ഉറുപ്പിക വരെ പിഴകല്പിക്കുന്നതും, അങ്ങിനെയുള്ളവർക്കു സിഗററു വിൽക്കുന്നവർക്കു ൩൦ ഉറുപ്പിക മുതൽ ൫൦ ...ിക വരെ പിഴകല്പിക്കുന്നതും, ആണ്. (ഇങ്ങിനെ ഇവിടെയും ഒരു നിയമം നടപ്പാ...മായിരിക്കുന്നു. നമ്മുടെ കുട്ടികളുടെ ഇടയിലും സിഗററുവലി അധികമാ...

(ലേഖകർ ഒാവർ)